2026
JUNE
13
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# രാജ്യത്തെ ക്രൂഡോയിൽ ശേഖരം വർധിപ്പിക്കാനൊരുങ്ങി ഇന്ത്യ

**ന്യൂദൽഹി:** യുഎസ് ഇറാൻ യുദ്ധത്തിന്റെയും ഹോർമുസ് പ്രതിസന്ധിയുടെയും പശ്ചാത്തലത്തിൽ രാജ്യത്തെ ക്രൂഡോയിൽ ശേഖരം വർധിപ്പിക്കാനൊരുങ്ങി ഇന്ത്യ. നിലവിൽ രണ്ടു മാസത്തേക്കുള്ള ക്രൂഡോയിൽ ശേഖരമാണ് ഇന്ത്യയ്ക്കുള്ളത്. ഇത് മൂന്നുമാസത്തേക്കായി വർധിപ്പിക്കാനാണ് സർക്കാർ ഒരുങ്ങുന്നത്. ആവശ്യമായ 89 ശതമാനം ക്രൂഡോയിലും ഇറക്കുമതി ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. അതുകൊണ്ടു തന്നെ രാജ്യാന്തര ക്രൂഡോയിൽ വിപണിയിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും ഇന്ത്യയ്ക്ക് വലിയ ആഘാതമാകും.

നിലവിലെ യുദ്ധസാഹചര്യം കഴിഞ്ഞ ശേഷം ഘട്ടം ഘട്ടമായി ക്രൂഡോയിൽ ശേഖരം ഉയർത്താൻ പൊതുമേഖല സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ നിർദേശം നൽകുമെന്നാണ് വിവരം. നിലവിലുള്ള സംഭരണ ശാലകൾ വികസിപ്പിച്ചോ പുതിയവ സ്ഥാപിച്ചോ ആയിരിക്കും ശേഖരണം വർധിപ്പിക്കുന്നത്. കുറഞ്ഞത് മൂന്നു മാസമെങ്കിലും ഉപയോഗിക്കാൻ കഴിയുന്ന ക്രൂഡോയിൽ ശേഖരിക്കും. ആറുമാസത്തെ ക്രൂഡോയിൽ ശേഖരം സൂക്ഷിക്കുന്ന ചൈനീസ് മാതൃകയിലേക്ക് മാറാനാണ് കേന്ദ്രസർക്കാർ ഒരുങ്ങുന്നതെന്നും റിപ്പോർട്ട്. നിലവിൽ ഇന്ത്യൻ സ്ട്രാറ്റജിക് പെട്രോളിയം റിസർവ് ലിമിറ്റഡിന് കീഴിൽ വിശാഖപട്ടണം, മംഗളൂരു, പദൂർ എന്നിവിടങ്ങളിലെ ഭൂഗർഭ അറ



കളിൽ 5.33 മില്യൻ മെട്രിക് ടൺ ക്രൂഡോയിൽ ഇന്ത്യ സൂക്ഷിക്കുന്നുണ്ട്. ഇത് വർധിപ്പിക്കാനും കേന്ദ്ര സർക്കാരിന് പദ്ധതിയുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 13,470 കോടി ഡോളറിന്റെ ക്രൂഡോയിലാണ് ഇറക്കുമതി ചെയ്തത്. രാജ്യത്തിന്റെ ആകെ ഇറക്കുമതി ചെലവിന്റെ 17 ശതമാനമാണിത്. എന്നാൽ ഇറാൻയുഎസ് യുദ്ധത്തോടെ ക്രൂഡോയിൽ വില കുതിച്ചത് ഇന്ത്യയുടെ ഇറക്കുമതി ചെലവും വർധിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ഇറക്കുമതി ചെലവ് വർധിക്കുമെന്നാണ് സാമ്പത്തിക വിദഗ്ധർ പറയുന്നത്.

ക്രൂഡോയിൽ വില ഉയർന്നത് രാജ്യത്തെ വിദേശനാണ്യ ശേഖരത്തിലും ഇടിവുണ്ടാക്കിയിരുന്നു. സ്വർണ ഇറക്കുമതി തീരുവ വർധിപ്പിച്ചും വിദേശനിക്ഷേപം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുമാണ് കേന്ദ്ര സർക്കാർ ഇതിനെ നേരിട്ടത്.

# ലോക്സഭാ സീറ്റുകൾ 824 ആക്കാൻ ശുപാർശ; കേരളത്തിലെ മണ്ഡലങ്ങൾ 30 ആകും

**ന്യൂദൽഹി:** 170 മണ്ഡലങ്ങൾ വിഭജിച്ചു ലോക്സഭയിലെ അംഗബലം 543ൽ നിന്ന് 824 ആയി ഉയർത്തണമെന്ന ശുപാർശയുമായി പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതി.

543 മണ്ഡലങ്ങളിൽ 170ൽ 59 എണ്ണം രണ്ടായും 111 എണ്ണം മൂന്നായും വിഭജിച്ചുള്ള പുനർനിർണയമാണ് ശുപാർശ ചെയ്യുന്നത്. 59 മണ്ഡലങ്ങളിൽ 22 എണ്ണവും കേരളത്തിലും തമിഴ്നാട്ടിലുമാണ്. കേരളത്തിലെ മണ്ഡലങ്ങളുടെ എണ്ണം 20ൽ നിന്ന് 30 ആക്കണമെന്നാണ് റിപ്പോർട്ട് പറയുന്നത്.

മൂന്നായി വിഭജിക്കുന്നതിൽ ഭൂരിപക്ഷം മണ്ഡലങ്ങളും ഉത്തർപ്രദേശിലാണ്. ഉപദേശകസമിതി അംഗം ഡോ.ഷമിക രവി, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ മുദിത് കപൂർ എന്നിവരാണ് റിപ്പോർട്ട് തയാറാക്കിയത്.

# ക്ലീൻ എൻവയോൺമെന്റ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് മോത്തിലാൽ ഓസ്വാൾ മൂചൽ ഫണ്ട്

**കൊച്ചി:** പരിസ്ഥിതി സൗഹാർദ മേഖലയിൽ മികച്ച പ്രകടനം നടത്താൻ സാധ്യതയുള്ള 25 കമ്പനികളുടെ ഓഹരിയിൽ നിക്ഷേപിക്കുന്നതിന് അവസരമൊരുക്കി രാജ്യത്തെ മുൻനിര അസറ്റ് മാനേജ്മന്റ് കമ്പനിയായ മോത്തിലാൽ ഓസ്വാൾ മൂചൽ ഫണ്ട്. 'ക്ലീൻ എൻവയോൺമെന്റ് ഇൻഡക്സ് ഫണ്ട്' എന്നപേരിൽ അവതരിപ്പിച്ച ഫണ്ടിലൂടെ പുനരുപയോഗ ഊർജ്ജം, ഇലക്ട്രിക് വാഹനങ്ങൾ, ജലശുദ്ധീകരണം, റീസൈക്ലിംഗ്, മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ കമ്പനികളിലേക്ക് ജൂൺ 19വരെ നിക്ഷേപം നടത്താം. നിക്ഷേപത്തിനുള്ള കുറഞ്ഞ തുക 500 രൂപ. തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായി ഫണ്ടുകൾ വാങ്ങാം. നിക്ഷേപകർക്ക് കുറഞ്ഞ റിസ്കിൽ ദീർഘകാല നേട്ടം ഉറപ്പാക്കുകയാണ് ക്ലീൻ എൻവയോൺമെന്റ് ഇൻഡക്സ് ഫണ്ട് അവതരിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്ന് കമ്പനി അറിയിച്ചു.

# ബാങ്കുകൾ എഫ്സിഎൻആർ ഡെപ്പോസിറ്റ് റേറ്റ് ഉയർത്തി

ന്യൂദൽഹി: ഐസിഐസിഐ, എസ്ബിഐ എന്നിവയുൾപ്പെടെയുള്ള രാജ്യത്തെ പ്രമുഖ ബാങ്കുകൾ ഫോറിൻ കറൻസി നോൺറെസിഡന്റ് നിക്ഷേപങ്ങളുടെ പലിശ നിരക്കുകൾ വർധിപ്പിച്ചു.ബാങ്കുകൾക്കായി സെപ്റ്റംബർ 30 വരെ റിസർവ് ബാങ്ക് 'ഫോറിൻ കറൻസി സ്വാപ്പ് വിൻഡോ' പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് പ്രവാസി നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർധിപ്പിച്ചുകൊണ്ടുള്ള ഈ തീരുമാനം വന്നത്.പുതിയ പരിഷ്കാരങ്ങൾ പ്രകാരം 3 മുതൽ 5 വർഷം വരെയുള്ള എഫ്സിഎൻആർ ബി ഡെപ്പോസിറ്റുകളുടെ ഹെഡ്ജിംഗ് ചെലവ് (വിനിമയ നിരക്കിലെ വ്യതിയാനം മൂലമുള്ള നഷ്ടസാധ്യത ഒഴിവാക്കാനുള്ള ചെലവ്) പൂർണമായും ആർബിഐ തന്നെ വഹിക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്.ഈ പ്രഖ്യാപനം നിക്ഷേപകർക്ക് ഉയർന്ന പലിശ നിരക്ക് നൽകാൻ ബാങ്കുകൾക്ക് വഴിതുറക്കുകയായിരുന്നു.പ്രവാസി ഇന്ത്യക്കാരിൽ നിന്നുള്ള വിദേശ നാണയ നിക്ഷേപങ്ങൾ ആകർഷിക്കുക എന്നതാണ് ഈ നടപടിയുടെ ലക്ഷ്യം. ഈ പുതിയ നിക്ഷേപ പദ്ധതിയിലൂടെ ഏകദേശം 60 മുതൽ 70 ബില്യൺ യുഎസ് ഡോളർ വരെ വിദേശ മൂലധനം ഇന്ത്യയിലേക്ക് ഒഴുകിയെത്തിയേക്കാമെന്ന് വിദഗ്ധർ വിലയിരുത്തുന്നു.എച്ച്ഡിഎഫ്സി ബാങ്ക്, യെസ് ബാങ്ക്, എയു സ്മോൾ ഫിനാൻസ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, പഞ്ചാബ് നാഷണൽ ബാങ്ക്, യെസ് ബാങ്ക് എന്നിവയാണ് പ്രവാസി നിക്ഷേപകർക്കായി പലിശ നിരക്കുകളിൽ ആകർഷകമായ വർധന വരുത്തിയത്.






# ഇന്നത്തെ പരിപാടി

## കൊച്ചി

**കണ്ണൻനായർ സ്മാരക സാംസ്കാരിക കേന്ദ്രം:** വൈക്കം മുഹമ്മദ് ബഷീറിനെക്കുറിച്ച് പ്രഭാഷണം വൈകിട്ട് 6ന്, രാത്രി 7ന് ഗസൽ.

**ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം:** നൃത്തനൃത്യങ്ങൾ വൈകിട്ട് 6.30ന്

**പുത്തൻകുരിശ് ബിടിആർ മന്ദിരം:** ഇ എം എസ് സ്മാരക പ്രഭാഷണം ഇന്ത്യയും ഇടതുപക്ഷവും എന്ന വിഷയത്തിൽ രാവിലെ 10ന് ഡോ. ആർ രാംകുമാർ പ്രഭാഷണം നടത്തും. എറണാകുളം മഹാകവി ജി ഓഡിറ്റോറിയം : കവയിത്രി ബി. അമ്പിളി തൃപ്പൂണിത്തുറയുടെ പുതിയ കവിതാസമാഹാരമായ ഏക്താരയുടെ പ്രകാശനം വൈകിട്ട് 3 മണിക്ക് നടക്കും. കാലടി സംസ്കൃത സർവക ലാശാല മുൻ വൈസ് ചാൻസലർ ഡോ. എം.സി ദിലീപ്കു മാറിന്റെ അധ്യക്ഷതയിൽ സമസ്തകേരള സാഹിത്യ പരിഷത്ത് പ്രസിഡന്റ് ഡോ. ടി.എസ് ജോയി പുസതകം പ്രകാശനം നിർവഹിക്കും. ചടങ്ങിൽ ഇ.എൻ നന്ദകുമാർ ആദ്യ കോപ്പി ഏറ്റുവാങ്ങും. ഇ.എം ഹരിദാസ്, കൃഷ്ണൻ കൊന്നഞ്ചേരി, ഡോ. ജോർജ്ജ് മരങ്ങോലി, റോസി ഫിലിപ്പ് എന്നിവർ പങ്കടുക്കും.

## കളമശ്ശേരി

**കളമശ്ശേരി സെന്റ്പോൾസ് ഇന്റർനാഷണൽ സ്കൂൾ:** നടൻ സലിം കുമാർ അവസാനമായി അഭിനയിച്ച ഹ്രസ്വചിത്രം ഇന്ന് പുറത്തിറങ്ങും. കേരളമോട്ടോർ വകുപ്പിന് വേണ്ടി നിർമ്മിച്ച ഡ്രൈവർ എന്ന റോഡ് സുരക്ഷാ ഹ്രസ്വചിത്രത്തിന്റെ ആദ്യപ്രദർശനം രാവിലെ 11.30 ന് നടക്കും. ബോധവൽക്കരണ ഹ്രസ്വചിത്രമാണ്. കഥ, തിരക്കഥ, സംഭാഷണം എന്നിവ നിർവഹിച്ച് കലന്തൻ ബഷീർ സംവിധാനം ചെയ്ത ചിത്രം, മദ്യം, മയക്കുമരുന്ന് എന്നിവയുടെ സ്വാധീനത്തിൽ വാഹനമോടിക്കുന്നതിന്റെ അപകടങ്ങളും റോഡ് സുരക്ഷയെക്കുറിച്ചും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒരുക്കിയിട്ടുള്ളത്.

**കളമശ്ശേരി കെഎസ് യുഎം ഡിജിറ്റൽ ഹബ്ബ്:** കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെഎസ് യുഎം) സഹകരണത്തോടെ ടൈ കേരള സംഘടിപ്പിക്കുന്ന ടൈ യങ് എന്റർപ്രണേഴ്സ് ആഗോള ഉച്ചകോടി സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എംപി മുഖ്യാതിഥിയായിരിക്കും. കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് തുടങ്ങിയവർ സംബന്ധിക്കും

## കോലഞ്ചേരി

**പുതുപ്പനം മിഷൻ നഗർ:** സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിലുള്ള ഏകദിന ധ്യാനയോഗം രാവിലെ 9.30 ന് . സാം മാത്യു തിരുവല്ല പ്രസംഗിക്കും. മിഷൻ മെലഡീസിന്റെ ഗാന ശുശ്രൂഷ ഉണ്ടായിരിക്കും.

## പെരുമ്പാവൂർ

**ജയകേരളം ഹയർ സെക്കൻഡറി സ്കൂൾ:** ജയകേരളം ഹയർ സെക്കൻഡറി സ്കൂളിൽ പൂർവ വിദ്യാർഥി ആൻഡ് റിട്ട. ടീച്ചേഴ്സ് അസോസിയേഷൻ വാർഷിക പൊതുയോഗം രാവിലെ 9ന് സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും.

## വാരപ്പുഴ

**ചേന്നൂർ സെന്റ് ആന്റണീസ് ദേവാലയം:** വിശുദ്ധ അന്തോണിസിന്റെ മദ്ധ്യസ്ഥതിരുനാൾ –വൈകിട്ട് 5ന് വരാപ്പുഴ അതിരൂപത വികാരി മാത്യു കല്ലിങ്കലിന്റെ മുഖ്യ കാർമ്മികത്യത്തിൽ ദിവ്യബലി. ഫാ ആന്റണി കൊമരംചാത്ത് വചന സന്ദേശം നൽകും. തുടർന്ന് പ്രദക്ഷിണം ചെണ്ടമേളം മേലാപ്പൊലി മ്യൂസിക് ഡാൻസ്.

**കോതാട് തിരുഹൃദയ ദേവാലയം:** 145 മത് ദർശന തിരുനാൾ – വൈകിട്ട് 5ന് തിരുസ്വരൂപം എഴുന്നള്ളിച്ച് വെയ്ക്കൽ, വിശ്വാസ പ്രഘോഷണ റാലി, ശിങ്കാരിമേളം വർണ്ണ കാഴ്ച.



# ഈച്ചത്തലക്കണ്ട ഇൻകോഗ്നിറ്റ: പെരിയാർ കടുവ സങ്കേതത്തിൽനിന്ന് പുതിയ ഇനം മത്സ്യം

**ചെങ്ങന്നൂർ:** പശ്ചിമഘട്ടത്തിലെ നിഗൂഢമായ ശുദ്ധജല മത്സ്യവിഭാഗത്തിലെ ഒന്നിനെക്കുറിച്ചുള്ള പതിറ്റാണ്ടുകൾ നീണ്ട ആശയക്കുഴപ്പത്തിന് ഉത്തരമായി. പെരിയാർ കടുവസങ്കേതത്തിൽ നദിയുടെ ഉത്ഭവസ്ഥലത്തെ അരുവികളിൽ കണ്ടെത്തിയ പുതിയ ഇനം മത്സ്യമാണു പരിണാമ സമസ്യ പരിഹരിച്ചത്. ഈച്ചത്തലക്കണ്ട ഇൻകോഗ്നിറ്റ എന്നാണ് പുതിയ മത്സ്യ ഇനത്തിനു പേരിട്ടിരിക്കുന്നത്.

1941ൽ കേരളത്തിലെ പമ്പാനദിയിൽ നിന്ന് സുന്ദരരാജ് എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തിയ, ഒരൊറ്റ മത്സ്യയിനത്തിനായി 1999ലാണ് ഈച്ചത്തലക്കണ്ട എന്ന ജനുസ്സ് രൂപീകരിച്ചത്. പെരിയാറിലും പമ്പയിലും കാണപ്പെടുന്ന ഈ ജനുസ്സ് മത്സ്യങ്ങളെയെല്ലാം ഈച്ചത്തലക്കണ്ട ഒഫിസെഫാല എന്ന ഒരൊറ്റ ഇനമായാണ് ഇത്രയും കാലം കണക്കാക്കിയത്. എന്നാൽ മറ്റൊരിനം മത്സ്യവും ഇക്കൂട്ടത്തിലുണ്ടെന്നാണ് ഇപ്പോൾ കണ്ടെത്തിയത്. രണ്ടിനങ്ങളും തമ്മിൽ 4.9% മുതൽ 5.3% വരെ ജനിതക വ്യത്യാസമുണ്ടെന്നു ശാസ്ത്രീയമായി തെളിയിച്ചു. ചെതുമ്പലുകളുടെ ആകൃതി, കൈച്ചിറകുകളിലെ രശ്മികളുടെ എണ്ണം എന്നിവയിലും വ്യത്യാസമുണ്ട്. അങ്ങനെയാണു പുതിയ സ്പീഷിസിലുള്ള മത്സ്യത്തെ പ്രഖ്യാപിച്ചത്. ശാസ്ത്രലോകത്തെ ദീർഘകാല അവ്യക്തത മുൻനിർത്തി 'ഇൻകോഗ്നിറ്റ' (തിരിച്ചറിയപ്പെടാത്തത്/ രഹസ്യമായത്) എന്ന വാക്ക് ചേർത്താണു പുതിയ മത്സ്യത്തിനു പേരിട്ടത്. രാജ്യാന്തര ജേണൽ ആയ സിസ്റ്റമാറ്റിക്സ് ആൻഡ് ബയോഡൈവേഴ്സിറ്റിയിൽ അതീവ പ്രാധാന്യത്തോടെ ഈ കണ്ടെത്തൽ പ്രസിദ്ധീകരിച്ചു.

കേരള സർവകലാശാലയിലെ ഗവേഷക ശ്വേതചന്ദ്ര (സെന്റ് സ്റ്റീഫൻസ് കോളജ്, പത്തനാപുരം), കുഫോസിലെ അധ്യാപകൻ ഡോ. രാജീവ് രാഘവൻ, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിലെ അധ്യാപകൻ ഡോ.അഭിലാഷ് രവിമോഹനൻ, ജർമനിയിലെ സെൻകെൻബെർഗ് നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിലെ ഡോ.റാൽഫ് ബ്രിറ്റ്സ്, ഡൽഹിയിലെ ശിവ് നാടാർ സർവകലാശാലയിലെ ഡോ.നീലേഷ് ദഹനുകർ, കുഫോസിലെ റയാൻ ബാബു എന്നിവരാണു പഠനം നയിച്ചത്. ഈച്ചത്തലക്കണ്ട ജനുസ്സിലെ രണ്ട് മത്സ്യയിനങ്ങളുടെയും നിലനിൽപ് ആശങ്കയിലാണ്. ഒഫിസെഫാല സമുദ്രനിരപ്പിൽനിന്ന് 1000 മീറ്ററിലേറെ ഉയരത്തിലുള്ള പമ്പാനദിയുടെ ഉറവിടങ്ങളിൽ മാത്രമായി ചുരുങ്ങിയപ്പോൾ, ഇൻകോഗ്നിറ്റ പാറക്കെട്ടുകൾ നിറഞ്ഞതും അതിവേഗത്തിൽ ഒഴുകുന്നതുമായ പ്രത്യേക അരുവികളിൽ മാത്രമാണുള്ളത്. ലോകത്ത് പെരിയാർ കടുവസങ്കേതത്തിൽ മാത്രം കാണുന്ന ഒൻപതാമത്തെ മത്സ്യയിനമാണ് ഈച്ചത്തലക്കണ്ട ഇൻകോഗ്നിറ്റ. പെരിയാർ കടുവസങ്കേതം സ്ഥാപിതമായി 75 വർഷം പൂർത്തിയാകുന്ന വേളയിലാണ് ഈ കണ്ടെത്തൽ. ഏഷ്യൻ ഭൂഖണ്ഡത്തിൽ തന്നെ അപൂർവ ശുദ്ധജലമത്സ്യങ്ങളുടെ സുപ്രധാന സങ്കേതങ്ങളിലൊന്നായി ഇവിടം സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നു പുതിയ കണ്ടുപിടിത്തവും വ്യക്തമാക്കുന്നു.

### ശബരിമല തീർത്ഥാടനം

# ആരോഗ്യ വകുപ്പിന്റെ സർക്കുലർ പിൻവലിക്കണം : വിഎച്ച്പി

**കൊച്ചി:** ശബരിമല തീർത്ഥാടകർക്ക് ആരോഗ്യ സേവനം നൽകണമെങ്കിൽ പണം നൽകണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടർ മെയ് മാസം പുറത്തിറക്കിയ സർക്കുലർ പിൻവലിക്കണമെന്ന് വിശ്വഹിന്ദു പരിഷത്ത് ആവശ്യപ്പെട്ടു.

അവിശ്വാസികളായ കമ്മ്യൂണിസ്റ്റ് സർക്കാർ ദേവസ്വം ബോർഡിനെ നിയന്ത്രിച്ചിരുന്നപ്പോൾ പോലും ആരോഗ്യ സേവനത്തിന് പണം ഈടാക്കിയിരുന്നില്ല. കേരളത്തിലെ ഏറ്റവും വലിയ ഹൈന്ദവ തീർത്ഥാടന കേന്ദ്രത്തെ തകർക്കുന്നതിനുള്ള ബോധപൂർവ്വമുള്ള നീക്കമാണ് ഇതിന് പിന്നിലെന്ന് സംശയിക്കുന്നതായി വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ വാർത്താകുറിപ്പിലൂടെ പറഞ്ഞു. ആരോഗ്യ വകുപ്പിന്റെയും ദേവസ്വം വകുപ്പിന്റെയും മന്ത്രിയായ കെ.മുരളീധരന്റെ അറിവോടെയാണോ ഈ സർക്കുലർ പുറത്തിറക്കിയതെന്ന് പൊതുസമൂഹത്തോട് വെളിപ്പെടുത്തണമെന്നും അനിൽ വിളയിൽ ആവശ്യപ്പെട്ടു.

ഹജ്ജ് തീർത്ഥാടകർക്ക് ഉൾപ്പെടെ എല്ലാവിധ സൗകര്യങ്ങളും ഒരുക്കി നൽകുന്ന സർക്കാർ കോടിക്കണക്കിന് വരുന്ന അയ്യപ്പഭക്തരോടും ഹിന്ദു വിശ്വാസ സമൂഹത്തോടും കാണിക്കാൻ ഉദ്ദേശിക്കുന്ന അവഗണനയുടെ ആദ്യ സൂചനയായിട്ടേ ഈ സർക്കുലറിനെ കാണാൻ കഴിയൂ. ഓരോ മണ്ഡല കാലത്തും കോടിക്കണക്കിന് രൂപയുടെ റവന്യൂ വരുമാനം സംസ്ഥാനത്തിന് ഉണ്ടാക്കി നൽകുന്ന ശബരിമലയോട് കാണിക്കുന്ന ഈ നടപടി തീർത്തും അപലപനീയമാണ്.

ആരോഗ്യ വകുപ്പ് സൗജന്യ സേവനം നൽകാൻ തയ്യാറല്ലെങ്കിൽ വിവധ സന്നദ്ധ സംഘടകളുമായി ചേർന്ന് ശബരിമലയിലും അനുബന്ധ പ്രദേശങ്ങളിലും ആരോഗ്യ സേവനം നൽകാൻ വിശ്വഹിന്ദു പരിഷത്ത് തയ്യാറാണ്. അതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കി നൽകാൻ സർക്കാർ ബാധ്യസ്ഥരാകണം എന്നു മാത്രം.

ശബരിമല തീർത്ഥാടനകാലത്ത് സൗജന്യ യാത്രാ സൗകര്യം ലഭ്യമാക്കാൻ വി.എച്ച്.പി തയ്യാറാണെന്ന് അറിയിച്ചിട്ടും നാളിതുവരെയായിട്ടും അംഗീകാരം നൽകാതെ അതിനെ വെല്ലുവിളിച്ച് സുപ്രീം കോടതിയിൽ കേസുമായി പോയ മുൻ ഇടത് സർക്കാരിന്റെ അതേ പാതയാണ് വി.ഡി.സതീശൻ സർക്കാരും പിൻതുടരുന്നത്.

ശബരിമല തീർത്ഥാടകർക്ക് വേണ്ടുന്ന സേവനം നൽകാൻ സർക്കാർ തയ്യാറല്ലെങ്കിൽ ദേവസ്വം ബോർഡ് പിരിച്ചുവിട്ട് കേരളത്തിലെ മുഴുവൻ ക്ഷേത്രങ്ങളുടെയും ഭരണ ചുമതല വിശ്വാസികളെ ഏൽപ്പിക്കാൻ സർക്കാർ തയ്യാറാകണമെന്നും അനിൽ വിളയിൽ ആവശ്യപ്പെട്ടു.

# സൗജന്യ കരിയർ ഗൈഡൻസ് ക്ലാസ് 15ന്

**കോട്ടയം:** കേരളത്തിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളെ സംബന്ധിച്ച് എം.ജി. യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ സൗജന്യ ഓൺലൈൻ ക്ലാസ് സംഘടിപ്പിക്കുന്നു. ജൂൺ 15 തിങ്കളാഴ്ച വൈകിട്ട് 7 മണിക്കാണ് ക്ലാസ്. ദൂരദർശൻ കരിയർ പോയിൻറ് അവതാരകൻ ശ്രീ. രതീഷ് കുമാർ എസ്. വിഷയം അവതരിപ്പിക്കും. കോഴ്സ് ഘടന, ക്രെഡിറ്റ് സിസ്റ്റം, എക്സിറ്റ് ഓപ്ഷനുകൾ എന്നിവയെക്കുറിച്ച് അറിയാൻ താല്പര്യമുള്ള വിദ്യാർത്ഥികളും രക്ഷിതാക്കളും 9495628626 എന്ന നമ്പരിൽ ബന്ധപ്പെടുക.

# പരീക്ഷാ തീയതി

**കോട്ടയം:** ആറാം സെമസ്റ്റർ ഐഎംസിഎ (2019 അഡ്മിഷൻ സപ്ലിമെൻററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നാലാം സെമസ്റ്റർ ഡിഡിഎംസിഎ (2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഏപ്രിൽ 2026 പരീക്ഷകൾ ജൂലൈ 8 മുതൽ നടക്കും.

# സഹകരണ ബാങ്ക് പരീക്ഷാ പരിശീലനം

**കോട്ടയം:** കേരളത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ ജൂനിയർ ക്ലാർക്ക്, സെക്രട്ടറി, അസിസ്റ്റൻറ് സെക്രട്ടറി നിയമനങ്ങൾക്കായി സഹകരണ സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന മത്സര പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി ക്യാമ്പസിനുള്ളിലാണ് ഓഫ്‌ലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഓഫീസിൽ നേരിട്ട് ഹാജരായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് 04812731025, 9495628626 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## എം ജി ബിരുദ ഏകജാലകം: സാധ്യതാ അലോട്മെന്റ് പ്രസിദ്ധീകരിച്ചു; പുതിയ അപേക്ഷകൾ 15 വരെ സ്വീകരിക്കും

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനത്തിന്റെ സാധ്യതാ അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിനും ഓപ്ഷനുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും പുന:ക്രമീകരിക്കുന്നതിനുമുള്ള അവസരം ജൂൺ 15 വൈകീട്ട് 5 മണിവരെ ലഭ്യമാകും. അപേക്ഷാ സമയത്ത് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാൻ സാധിക്കാത്തവ!ർക്കും, മാർക്ക് അടക്കം അപേക്ഷയിൽ പിഴവുകൾ വരുത്തിയിട്ടുള്ളവർക്കും ജൂൺ 15 വരെ തിരുത്തലുകൾ വരുത്താം.

പുതുതായി അപേക്ഷിക്കുന്നതിനുള്ള സൗകര്യവും ജൂൺ 15 വരെ ലഭ്യമായിരിക്കുന്നതാണ്.

സംവരണാനുകൂല്യത്തിനായി പ്രോസ്പെക്ടസിൽ പറയും പ്രകാരമുള്ള സാക്ഷ്യപത്രങ്ങളാണ് അപ്ലോഡ് ചെയ്തിരിക്കുന്നത് എന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവേശനം റദ്ദാക്കപ്പെടാം. എസ് ഇ ബി സി/ഒ ഇ സി വിഭാഗത്തിൽപ്പെടുന്നവർ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ഒരു ഫയലായോ അല്ലെങ്കിൽ നോൺക്രീമിലെയർ സർട്ടിഫിക്കറ്റോ അപ് ലോഡ് ചെയ്യാവുന്നതാണ്. ഇ ഡബ്ല്യു എസ് വിഭാഗം അപേക്ഷകർ ‘ഇൻകം ആൻഡ് അസ്സറ്റ്സ് സർട്ടിഫിക്കറ്റ്’ അപ്ലോഡ് ചെയ്യേണ്ടതാണ്. സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർ, പൊതു വിഭാഗം സെലക്ട് ചെയ്യുകയോ വരുമാനം 8 ലക്ഷത്തിൽ കൂടുതലായി നൽകിയതിനു ശേഷം സംവരണം ആവശ്യമില്ല എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുകയോ ചെയ്യാവുന്നതാണ്. എൻ സി സി /എൻ എസ് എസ് എന്നീ വിഭാഗങ്ങളിൽ ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ പ്ലസ് 1/ പ്ലസ് 2 തലത്തിലെ സാക്ഷ്യപത്രങ്ങളാണ് അപ് ലോഡ് ചെയ്യേണ്ടത്. വിമുക്തഭടൻ/ജവാൻ എന്നിവരുടെ ആശ്രിതർക്ക് ലഭ്യമാവുന്ന ബോണസ് മാർക്കിനായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതിനായി ആർമി/നേവി/എയർഫോഴ്സ് എന്നീ വിഭാഗങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

## CAT 2026 അഖിലേന്ത്യ ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലും എംബിഎ, എംഎഡ്, എംഎ, സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആൻറ് ആക്ഷൻ, എംടെക്ക് പ്രോഗ്രാംസ് ആൻറ് ഇൻറഗ്രേറ്റഡ് പ്രോഗ്രാംസ് ഒഴികെയുള്ള വിവിധ പ്രോഗ്രാമുകളിലേക്കുള്ള അഖിലേന്ത്യ ക്വാട്ട സീറ്റുകളിലേക്കുള്ള (20%) പ്രവേശനത്തിനായി CUET സ്കോർ നേടിയ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി ജൂൺ 12 മുതൽ cat.mgu.ac.in എന്ന വെബ്സൈറ്റിൽ അപേക്ഷിക്കാവുന്നതാണ് ഫോൺ : 0481 2733595

## മഹാത്മാഗാന്ധി സർവകലാശാലയിൽ റിസർച്ച് ഫെലോ ഒഴിവ്

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ കേന്ദ്ര സർക്കാരിന്റെ അ ചഞഎ ധനസഹായത്തോടെയുള്ള ഗവേഷണ പ്രോജക്ടിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ റിസർച്ച് ഫെലോ / പ്രോജക്ട് അസോസിയേറ്റ്ക തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം മൂന്ന് വർഷം വരെ നീളാം. ലൈഫ് സയൻസസ് അല്ലെങ്കിൽ എൻവയോൺമെൻറൽ സയൻസിൽ എം.എസ്.സി. അല്ലെങ്കിൽ തത്തുല്യ ബിരുദമാണ് അടിസ്ഥാന യോഗ്യത. പ്രവൃത്തിപരിചയം ഇല്ലാത്തവർക്കും അപേക്ഷിക്കാം. അഡ്വാൻസ്ഡ് മോളിക്യുലാർ ബയോളജിയിൽ പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും.

GATE/NET യോഗ്യതയുള്ളവർക്ക് ആദ്യ രണ്ട് വർഷം 37,000 രൂപയും, മൂന്നാം വർഷം 42,000 രൂപയും, യോഗ്യതയില്ലാത്തവർക്ക് ആദ്യ രണ്ട് വർഷം 30,000 രൂപയും, മൂന്നാം വർഷം 33,000 രൂപയുമായിരിക്കും പ്രതിമാസ ഫെലോഷിപ്പ്. ഇരുവിഭാഗത്തിനും 10% എച്ച്.ആർ.എ അധികമായി ലഭിക്കുന്നതാണ്.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ ബയോഡാറ്റയും, ഒരു പേജിൽ കവിയാത്ത മോട്ടിവേഷൻ ലെറ്ററും sibusimon@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് 2026 ജൂൺ 24ന് മുൻപായി അയക്കേണ്ടതാണ്. ഇമെയിലിന്റെ സബ്ജക്റ്റ് ലൈനിൽ "Application for ANRF Project - JRF (OR) PA1"എന്ന് രേഖപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ് സൈറ്റ് സന്ദർശിക്കുക.

## ഇൻറർകോളേജിയറ്റ് ട്രാൻസ്ഫർ: ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

**കോട്ടയം:** അഞ്ചാം സെമസ്റ്റർ ഇൻറർകോളേജിയറ്റ് ട്രാൻസ്ഫറിന്റെ ഒന്നാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെൻറ് ലഭിച്ച കോളേജിൽ റിപ്പോർട്ട് ചെയ്ത് പ്രവേശനം നേടേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെൻറ് റദ്ദാക്കുന്നതായിരിക്കും.



വിദ്യാർത്ഥികൾക്ക് എ.ഐയുടെ സഹായത്തോടെ തങ്ങളുടെ അഭിരുചി നേരത്തേ തിരിച്ചറിയാൻ സഹായിക്കുന്ന കരിയർ ഫൈൻഡർ കിയോസ്ക് ടാൽത്ത് പ്ലസ് ഡോട്ടോകോം കളമശ്ശേരി രാജഗിരി ഹയർ സെക്കണ്ടറി സ്കൂളിൽ സി.എം.ഐ എസ്.എച്ച് പ്രോവിൻഷ്യാളും സ്കൂൾ മാനേജരുമായ ഫാ.പൗലോസ് കിടങ്ങൻ സിഎംഐ സ്വിച്ച് ഓൺചെയ്ത് ഉദ്ഘാടനം ചെയ്യുന്നു. 'ഗോ ക്യാമ്പസ്' ഡയറക്ടർ സന്തോഷ് ശേഖർ,സന്ധ്യ ബിജേഷ്, പ്രിൻസിപ്പാൾ ഫാ. ടോണി കൊച്ചെലഞ്ഞിക്കൽ സിഎംഐ, കെ.എ.ജോസ്, ജെം ജോസ്, മഹീൻ കണ്ണു, വിപിൻ വിജയരാഘവൻ, ജെസ്വിൻ ഷാജു തുടങ്ങിയവർ സമീപം.

## കരിയർ ഫൈൻഡർ കിയോസ്ക് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വിദ്യാർത്ഥികളുടെ അഭിരുചി തിരിച്ചറിഞ്ഞ് യോജിച്ച പരിപഠന മേഖല കണ്ടെത്താൻ സഹായിക്കുന്ന എ.ഐ അധിഷ്ഠിത കരിയർ ഫൈൻഡർ കിയോസ്ക് 'ടാൽത്ത് പ്ലസ് ഡോട്ട്കോം' കളമശ്ശേരി രാജഗിരി ഹയർ സെക്കണ്ടറി സ്കൂളിൽ സി.എം.ഐ എസ്.എച്ച് പ്രോവിൻഷ്യാളും സ്കൂൾ മാനേജരുമായ ഫാ.പൗലോസ് കിടങ്ങൻ സിഎംഐ ഉദ്ഘടനം ചെയ്തു.

മത്സരാതിഷ്ഠിത കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഭാവിയിൽ ശോഭിക്കാൻ കഴിയുന്ന മേഖല കാലേകൂട്ടി മനസിലാക്കി ആ മേഖലയിൽ ഏറ്റവും നല്ല കോഴ്സുകളും, പരിശീലനങ്ങളും നേടാൻ സഹായിക്കുന്ന സംവിധാനമാണ് ബെംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനി 'ഗോ ക്യാമ്പസ്' വികസിപ്പിച്ച ടാൽത്ത് പ്ലസ് ഡോട്ട്കോം.

അഞ്ചാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥിൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഉദ്ഘാടന ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പാൾ ഫാ.ടോണി കൊച്ചെലഞ്ഞിക്കൽ സി.എം.ഐ, കമ്പ്യൂട്ടർ സയൻസ് ഫാക്കൽറ്റി സന്ധ്യ ബിജേഷ്, സീനിയർ കോർഡിനേറ്റർ കെ.എ.ജോസ്, എൽ.പി. കോർഡിനേറ്റർ ജെം ജോസ്, ഗോ കാമ്പസ് മെന്റർ മഹീൻ കണ്ണു, ഡയറക്ടർ സന്തോഷ് ശേഖർ, പ്രൊജക്ട് മേധാവി ജെസ്വിൻ ഷാജു, ഓപ്പറേഷൻസ് മേധാവി വിപിൻ വിജയരാഘവൻ എന്നിവർ പ്രസംഗിച്ചു.

## ഫേസ് ഫൗണ്ടേഷൻ : ജസ്റ്റിസ് പി.എൻ രവീന്ദ്രൻ ചെയർമാൻ പ്രൊഫസർ മോനമ്മ കോക്കാട് മുഖ്യ രക്ഷാധികാരി

**കൊച്ചി:** കടവന്ത്ര ഗാന്ധിനഗറിൽ പ്രവർത്തിക്കുന്ന സന്നധ സംഘടനയായ ഫേസ് ഫൗണ്ടേഷന്റെ ചെയർമാനായി റിട്ട.ജസ്റ്റിസ് പി.എൻ.രവീന്ദ്രനെയും, മുഖ്യ രക്ഷാധികാരിയായി പ്രൊഫ.മോനമ്മ കോക്കാട്ടിനെയും തിരഞ്ഞെടുത്തു. മാനേജിംഗ് ട്രസ്റ്റി ടി.ആർ.ദേവന്റെ അധ്യക്ഷതയിൽ കൂടിയ വാർഷിക പൊതുയോഗം 2026-27 വർഷത്തെയ്ക്കുള്ള ഒമ്പതംഗ ഭരണ സമിതിയെയും തിരഞ്ഞെടുത്തു. മുകുന്ദൻ വിജയകുമാർ (സെക്രട്ടറി) കെ.പി ശിവദാസ് (വൈസ് ചെയർമാൻ) കെ.വി സാബു (ട്രഷറർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.



റിട്ട.ജസ്റ്റീസ് പി.എൻ.രവീന്ദ്രൻ



പ്രൊഫ.മോനമ്മ കോക്കാട്ട്

ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ മുഖ്യ രക്ഷാധികാരിയും. പ്രൊഫ. എം.കെ സാനു ചെയർമാനും ടി.ആർ ദേവൻ മാനേജിംഗ് ട്രസ്റ്റിയുമായി 2011 ജൂൺ അഞ്ചിനാണ് ഫേസ് ഫൗണ്ടേഷൻ പ്രവർത്തനം തുടങ്ങിയത്. ഇതുവരെ സമൂഹത്തിലെ ഏറ്റവും താഴെതട്ടിലുള്ള നിരാലംബരും, നിർദ്ധനരും ഭവന രഹിതരുമായ25 ലക്ഷത്തിലധികം ആളുകൾക്ക് ഇവിടെ നിന്നും ഉച്ചഭക്ഷണം നൽകിയതായി മാനേജിംഗ് ട്രസ്റ്റി പറഞ്ഞു. കൂടാതെ ഭക്ഷ്യകിറ്റുകളുടെ വിതരണവും നടന്നുവരുന്നു. മഴക്കാലജന്യ രോഗപ്രതിരോധത്തിന്റെ ഭാഗമായി ജൂൺ 20ന് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്.

## വേൾഡ് മലയാളി കൗൺസിൽ യോഗം കൊച്ചിയിൽ

**കൊച്ചി :** വേൾഡ് മലയാളി കൗൺസിലിന്റെ (ഡബ്ല്യു.എം.സി) ഇന്ത്യ റീജിയൻ 2026 ബിനൈയൽ കോൺഫറൻസ് കൊച്ചിയിൽ. കേരള കൗൺസിൽ ചെയർമാൻ അഡ്വ. കെ.വി. സാബുവിന്റെ അധ്യക്ഷതയിൽ ജൂൺ 14ന്, ഞായറാഴ്ച്ച ഹോട്ടൽ മേഴ്സി എസ്റ്റേറ്റ് ഹോട്ടലിൽ നടക്കുന്ന യോഗം രാവിലെ 10.30 ഗ്ലോബൽ ചെയർമാൻ ഗോപാല പിള്ള ഉദ്ഘാടനം ചെയ്യും.

ഇന്ത്യ യൂറോപ്യൻ യൂണിയൻ ട്രേഡ് കൗൺസിൽ ഓണററി ടൂറിസം കമ്മീഷണർ ഡോ. പി.ബി. ബോസ്, ശ്രീലങ്ക ടിൻസ് ഓർഗനൈസേഷൻ മാനേജിംഗ് ഡയറക്ടർ മേജർ മഹിന്ദ ഹെട്ടിയാരച്ചി എന്നിവർ മുഖ്യാതിഥികളായിരിക്കും.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി, ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ്, ഗ്ലോബൽ ട്രഷറർ ശശികുമാർ ആർ നായർ, കേരള കൗൺസിൽ പ്രസിഡന്റ് പ്രസാദ് കുഴിക്കാല, കേരള കൗൺസിൽ ജനറൽ സെക്രട്ടറി അഡ്വ. എം.ജി. ശ്രീജിത്ത്, വൈസ് ചെയർ പേഴ്സൺ വിഷ്ണു പി കർത്ത എന്നിവർ പ്രസംഗിക്കും.

## മുനമ്പം ഹാർബർ നവീകരണം സ്മാർട്ട്ഗ്രീൻ സൗകര്യങ്ങളോടെ

**മുനമ്പം:** മുനമ്പം ഫിഷിങ് ഹാർബറിനെ സ്മാർട്ട് ഗ്രീൻ സൗകര്യങ്ങളോടെ നവീകരിക്കുന്നതിനുള്ള പദ്ധതിരേഖ ഒരു മാസത്തിനകം പുതുക്കി സമർപ്പിക്കാൻ എൻ.ഐ.ടി കാലിക്കറ്റ് വിദഗ്ധ സംഘത്തിന് ജില്ലാ കളക്ടർ ജി പ്രിയങ്ക നിർദേശം നൽകി.

200 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര കയറ്റുമതി നിലവാരത്തിലേക്ക് ഹാർബറിനെ ഉയർത്തുകയാണ് ലക്ഷ്യം. കൊച്ചി ഹാർബർ മാതൃകയിൽ 12 മീറ്റർ വീതിയുള്ള റോഡുകൾ, വൻകിട വാഹനങ്ങൾക്കായി മൾട്ടിലെവൽ പാർക്കിങ് എന്നിവ ഒരുക്കും.

ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആശ അഗസ്റ്റിൻ, എൻ.ഐ.ടി കാലിക്കറ്റ് പ്രതിനിധികൾ, ഫിഷറീസ്ഹാർബർ എൻജിനീയറിങ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# സേവന സന്നദ്ധർക്ക് സോഷ്യൽ വർക്ക് ഒരു കരിയറാക്കാം

## സംസ്കൃത സർവ്വകലാശാലയിൽ ബി. എസ്. ഡബ്ല്യു. പ്രവേശനം; അവസാന തീയതി ജൂൺ 15

■ ജലീഷ് പീറ്റർ

സംസ്ഥാനത്ത് മഴക്കെടുതിയും വെള്ളപ്പൊക്കവും രൂക്ഷമാവുകയാണ്. വരും ദിവസങ്ങളിൽ മഴക്കെടുതി മൂലമുണ്ടാകുന്ന ദുരിതങ്ങൾ ജനങ്ങളെ വലയ്ക്കുമെന്ന തീർച്ചയാണ്. ജനങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരും. ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കാനും ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റാനും അവർക്ക് ഭക്ഷണവും വസ്ത്രവും എത്തിക്കാനും ഓടിയെത്തുന്ന ഒട്ടേറെ സന്നദ്ധപ്രവർത്തകരെ നമുക്ക് അവിടെ കാണുവാൻ കഴിയും. മഴക്കെടുതിക്ക് ശേഷവും ദുരിതബാധിതർക്ക് സഹായം ആവശ്യമുണ്ട്. അവരെ പിന്നീട് പുനഃരധിവസിപ്പിക്കേണ്ടതുണ്ട്. കൂടാതെ അവർക്ക് മാനസിക പിന്തുണയും വൈദ്യ സഹായങ്ങളും നൽകണം. ഇങ്ങനെയുള്ള ഗൗരവമായ വിഷയങ്ങൾ കൈകാര്യം ചെയ്യുവാൻ സന്നദ്ധസേവകർക്ക് കഴിയില്ല, അല്ലെങ്കിൽ അവർ പോര. അതിന് പ്രൊഫഷണലായ സമീപനവും പ്ലാനിംഗും വേണം. ഇക്കാര്യങ്ങൾക്ക് സോഷ്യൽ വർക്കർമാരെ ആവശ്യമായി വരും. ഇവിടെയാണ് സോഷ്യൽ വർക്കിന്റെ പ്രസക്തി. അതായത് വെറും സന്നദ്ധ പ്രവർത്തനമല്ല സോഷ്യൽ വർക്ക്.

### സോഷ്യൽ വർക്കിൽ എല്ലാം ഉണ്ട്

സോഷ്യൽ വർക്ക് ഒരു പ്രൊഫഷണൽ പ്രോഗ്രാമാണ്. സാമൂഹിക പ്രവർത്തനം എന്നത് ഒരു തൊഴിലാക്കി മാറ്റാൻ കഴിയുന്നതും എന്നാൽ മികച്ച തൊഴിൽ സാധ്യതകളുള്ളതുമായ പഠന മേഖലകളിലൊന്നാണ്. സോഷ്യോളജി, ഡിസാസ്റ്റർ മാനേജ്മെന്റ്, സൈക്കോളജി, ഇക്കണോമിക്സ് പൊളിറ്റിക്സ്, മെഡിക്കൽ സയൻസ് മാനേജ്മെന്റ് എന്നിങ്ങനെ വിവിധ സയൻസ്മാനവിക,മാനേജ്മെന്റ് വിഷയങ്ങൾ ചേർന്ന പഠന മേഖലയാണ് സോഷ്യൽ വർക്ക്. അതുകൊണ്ട് തന്നെ വരും കാലങ്ങളിൽ സോഷ്യൽ വർക്ക് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെ കാത്ത് അനന്തമായ തൊഴിൽ സാധ്യതകളാണുള്ളത്.

സാമൂഹിക പ്രവർത്തനമൊക്കെ എന്താ ഇത്ര പഠിക്കാൻ എന്നാണ് പലരുടെയും സംശയം. പലരും വിചാരിച്ചിരിക്കുന്നത് ചാരിറ്റി പ്രവർത്തനങ്ങളോ ദാനം നൽകലോ ആണ് സോഷ്യൽ വർക്ക് എന്നാണ്. സർക്കാർ സ്ഥാപനങ്ങളും ദേശീയഅന്തർദേശീയ സംഘടനകളും നടത്തുന്ന സാമൂഹികമായ പ്രവർത്തനങ്ങൾ, പുനരധിവാസ പരിശീലന വികസന പ്രവർത്തനങ്ങൾ, വിവിധ പ്രോജക്ടുകൾ എന്നിവ നടപ്പിലാക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും നേതൃത്വം നൽകുന്നവരാണ് സോഷ്യൽ വർക്ക് ഒരു വിഷയമായി പഠിച്ച പ്രൊഫഷണലുകൾ. ഇത്തരം മേഖലകളിൽ പ്രവർത്തിക്കുവാൻ വേണ്ട പ്രൊഫഷണൽ നൈപുണ്യ പരിശീലനവും മാനേജ്മെന്റ് വൈദഗ്ധ്യവും നേടുകയാണ് കോഴ്സിന്റെ ലക്ഷ്യം. പ്രൊഫഷണലായുള്ള സോഷ്യൽ വർക്കർമാരെ സൃഷ്ടിക്കുന്ന പഠന പ്രോഗ്രാമുകൾ ബിരുദതലത്തിൽ ബി. എസ്. ഡബ്ല്യു. എന്നും ബിരുദാനന്തര ബിരുദ തലത്തിൽ എം.എസ്.ഡബ്ല്യു. എന്നും അറിയപ്പെടുന്നു. പ്ലസ് ടു ജയിച്ചവർക്ക് ബി.എസ്.ഡബ്ല്യുവിനും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയർവക്ക് എം.എസ്.ഡബ്ല്യുവിനും ചേരാം.



### സോഷ്യൽ വർക്ക് ഒരു പ്രൊഫഷനാണ്, ഉടൻ ജോലി ഉറപ്പ്

സമൂഹത്തോട് പ്രതിബദ്ധതയുള്ളവർക്കും ടീമായി ജോലി ചെയ്യുവാൻ താല്പര്യമുള്ളവർക്കും ചേർന്ന തൊഴിൽ മേഖലയാണ് സോഷ്യൽ വർക്ക്. വ്യക്തികളുടെ സാമൂഹികവും മാനസികവും ശാരീരികവുമായ പ്രശ്നങ്ങളും ന്യൂനതകളും പരിഹരിക്കുന്നതിന്റെ ഭാഗമായി സോഷ്യൽ വർക്കർ ജനങ്ങളുമായി ഇടപെടുന്നു. പുനരധിവാസം, വൈകാരിക പ്രശ്നങ്ങളുള്ളവർക്ക് കൗൺസലിംഗ്, ഡിഅഡിക്ഷൻ പ്രവർത്തനങ്ങൾ, ക്രിമിനലുകളുടെ കുറ്റവാസനകളെ ഇല്ലാതാക്കൽ, ദാരിദ്ര നിർമ്മാർജ്ജനം, തൊഴിലില്ലായ്മ ഇല്ലാതാക്കൽ, എന്നിവയെല്ലാം ഒരു സോഷ്യൽ വർക്കറുടെ ജോലികളാണ്. ചുരുക്കത്തിൽ, വ്യക്തി , സാമൂഹിക തലങ്ങൾ, സാമൂഹ്യ ഇടപെടൽ, പ്രതിരോധം, പ്രശ്ന പരിഹാരം, വികസനം എന്നിങ്ങനെ മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളോടെല്ലാം സോഷ്യൽ വർക്ക് ബന്ധപ്പെട്ടിരിക്കുന്നു.

### സ്പെഷ്യലൈസേഷനുകൾ അനവധി

മെഡിക്കൽ ആൻഡ് സൈക്യാട്രി, ഫാമിലി ആൻഡ് ചൈൽഡ് ഡെവലപ്മെന്റ്, റിസോഴ്സ് മാനേജ്മെന്റ്, കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി(സി.എസ്. ആർ.), ക്രിമിനോളജി, ഡിസാസ്റ്റർ മാനേജ്മെന്റ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ്, സോഷ്യൽ ഒൻട്രപ്രണർഷിപ്പ് എന്നിവയാണ് സോഷ്യൽ വർക്കിലെ പ്രധാന സ്പെഷ്യലൈസേഷനുകൾ. പി. ജി. തലത്തിലാണ് സ്പെഷ്യലൈസേഷനുകൾ നിലവിലുള്ളത്. എന്നാൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പുതിയതായി ആരഭിക്കുന്ന നാല് വർഷ ബി. എസ്. ഡബ്ല്യു. പ്രോഗ്രാമിൽ നാല് സ്പെഷ്യലൈസേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫാമിലി സോഷ്യൽ വർക്ക്, ഹെൽത്ത് സോഷ്യൽ വർക്ക്, ഡെവലപ്മെൻറ് സോഷ്യൽ വർക്ക്, ലേബർ വെൽഫെയർ & ഇൻഡസ്ട്രിയൽ സോഷ്യൽ വർക്ക് എന്നിവയാണവ.

### തൊഴിൽ സാധ്യതകൾ

സന്നദ്ധ സർക്കാർ ഏജൻസികളിലും പൊതുമേഖല സ്ഥാപനങ്ങളിലും കോർപറേറ്റ് കമ്പനികളിലും സ്കൂൾ, കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെല്ലാം സോഷ്യൽ വർക്കിൽ ബിരുദ , ബിരുദാനന്തര ബിരുദം നേടിയവരെ ആവശ്യമാണ്. സോഷ്യൽ വർക്കിൽ യോഗ്യത നേടിയവർക്ക് സർക്കാരിതര ക്ഷേമസം



ഘടനകളിലും കോർപറേറ്റ് സ്ഥാപനങ്ങളിലും വെൽഫെയർ ഓഫീസർ അല്ലെങ്കിൽ സമാന തസ്തകകളിൽ നിയമനം ലഭിക്കും. ക്രിമിനോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ഫാമിലി വെൽഫെയർ ഓഫീസർ, ചൈൽഡ് വെൽഫെയർ ഓഫീസർ എന്നീ ജോലികളും സോഷ്യൽ വർക്ക് ഐശ്ചികമായി പഠിച്ചിറങ്ങുന്നവരെ കാത്തിരിക്കുന്നുണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വനിത, ശിശു വികസന, സാമൂഹ്യനീതി വകുപ്പുകൾ, കുടുംബശ്രീ, മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ, എൻ. ആർ. എച്ച്. എം., ഡിഅഡിക്ഷൻ കേന്ദ്രങ്ങൾ, കുടുംബ കോടതികൾ, വൃദ്ധസദനങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, ക്രൈസിസ് മാനേജ്മെൻറ് യൂണിറ്റുകൾ, ഡിസാസ്റ്റർ മാനേജ്മെൻറ്, ഗ്രാമീണ വിദ്യാഭ്യാസ - വികസന ഏജൻസികൾ, ആരോഗ്യ സേവന സംഘടനകൾ തുടങ്ങിയ സ്ഥാപനങ്ങളിലും സോഷ്യൽ വർക്ക് പ്രൊഫഷണലുകൾക്ക് തൊഴിൽ സാധ്യത ഏറെയാണ്.

### വിദേശത്ത് അവസരങ്ങൾ അനേകം

യുണൈറ്റഡ് നേഷൻസ് (യു. എൻ.)ന് കീഴിലുള്ള വിവിധ സംഘടനകളിൽ സോഷ്യൽ വർക്ക് പ്രൊഫഷണലുകൾക്ക് അനേകം തൊഴിലവസരങ്ങളുണ്ട്. വളരെയധികം വിദേശ കുടിയേറ്റ സാധ്യതയുള്ള പഠന മേഖലയാണ് സോഷ്യൽ വർക്ക്. വിദേശ രാജ്യങ്ങളിൽ സോഷ്യൽ വർക്കറായി ജോലി ചെയ്യുവാൻ ലൈസൻസ് ആവശ്യമാണ്. ഈ രാജ്യങ്ങളിലെ നിയമനടപടികൾ പ്രകാരം ഓരോ വർഷവും ലൈസൻസ് എടുക്കുകയും പുതുക്കുകയും ചെയ്യാം. ബി. എസ്. ഡബ്ല്യുവിന് ശേഷമാണ് എം. എസ്. ഡബ്ല്യു. എടുക്കുന്നതെങ്കിൽ ഇന്റേൺഷിപ്പ് കാലയളവിലെ പരിചയം കണക്കിലെടുത്ത് ജോലി പരിചയം ഇല്ലാതെ തന്നെ പല വിദേശ രാജ്യങ്ങളും(ഐ. ഇ. എൽ. ടി. എസ്. യോഗ്യതയുണ്ടെങ്കിൽ) തൊഴിൽ വിസ നൽകുന്നുണ്ട്.

### സംസ്കൃത സർവ്വകലാശാലയിൽ ബി. എസ്. ഡബ്ല്യുന് അപേക്ഷിക്കാം

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യകാമ്പസിലും തിരൂർ, പയ്യന്നൂർ പ്രാദേശിക കാമ്പസുകളിലും നാല് വർഷ ബി. എസ്. ഡബ്ല്യു. പ്രോഗ്രാമിലേയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം. പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കണ്ടറി അഥവാ തത്തുല്ല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് (രണ്ട് വർഷം) അപേക്ഷിക്കാം. നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ലാറ്ററൽ എൻട്രി അനുവദനീയമാണ്. മറ്റൊരു യു ജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈ നാല് വർഷ ബിരുദ പ്രോഗ്രാമിലേയ്ക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 60 രൂപയും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 30 രൂപയുമാണ്. ബി. എസ്. ഡബ്ല്യു. പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് 2026 ജനുവരി ഒന്നിന് 23 വയസും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് 25 വയസുമാണ്.

ഓൺലൈൻ അപേക്ഷകൾ ജൂൺ 15വരെ

സർവ്വകലാശാല വെബ്സൈറ്റ് (https://ug.ssus.ac.in/) വഴി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 15.

പ്രൊസ്പെക്ടസ് സർവ്വകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾക്കും പ്രോസ്പക്ടസിനും ഓൺലൈനായി അപേക്ഷിക്കുവാനും www.ssus.ac.in സന്ദർശിക്കുക.

# കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ കൊച്ചി കാമ്പസിലെ റഗുലർ ക്ലാസുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറിസ് ഓഫ് ഇന്ത്യ (ഐ സി എസ് ഐ) സി എസ് ഇ ഇ ടി ഓൺലൈൻ ക്ലാസുകളിലേക്കും എക്സിക്യൂട്ടീവ്, പ്രൊഫഷണൽ പ്രോഗ്രാമുകളുടെ റെഗുലർ ക്ലാസുകളിലേക്കും പ്രവേശനം ആരംഭിച്ചു. കൊച്ചി ക്യാമ്പസിൽ എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്ക് 100 സീറ്റുകൾ ലഭ്യമാണ്. സി എസ് ഇ ഇ ടി പാസായവർ, ഡിഗ്രി പൂർത്തിയാക്കിയവർ, ഫൈനൽ വർഷ ഫലം കാത്തിരിക്കുന്നവർ, കൂടാതെ 5 വർഷത്തെ ഇന്റഗ്രേറ്റഡ് കോഴ്സിന്റെ ആറാം സെമസ്റ്റർ വിജയിച്ചവർ എന്നിവർക്ക് എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്ക് രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ട്.

എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്കുള്ള ക്ലാസുകൾ തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9 മണി മുതൽ വൈകിട്ട് 4.15 വരെ ആയിരിക്കും. എക്സിക്യൂട്ടീവ് പ്രോഗ്രാമിലെ രണ്ട് ഗ്രൂപ്പുകളും വിജയിച്ചവർക്ക് പ്രൊഫഷണൽ പ്രോഗ്രാമിലേക്ക് രജിസ്റ്റർ ചെയ്യാം. കൊച്ചി ക്യാമ്പസിൽ പ്രൊഫഷണൽ പ്രോഗ്രാമിന് 25 സീറ്റുകൾ ലഭ്യമാണ്. 21 മാസത്തെ പ്രാക്ടിക്കൽ ട്രെയിനിങ്ങിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർഥികൾക്ക് ശനി, ഞായർ ദിവസങ്ങളിൽ നടത്തുന്ന പ്രൊഫഷണൽ പ്രോഗ്രാമിലേക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്.

പ്ലസ് ടു (12ാം ക്ലാസ്) വിജയിച്ചവരും നിലവിൽ പ്ലസ് ടു, ഡിഗ്രി പഠനം തുടരുന്നവരും സി എസ് ഇ ഇ ടിയ്ക്ക് രജിസ്റ്റർ ചെയ്യാൻ അർഹരാണ്. സി എസ് ഇ ഇ ടി ഓൺലൈൻ ക്ലാസുകൾ ആഴ്ചയിൽ 5 ദിവസവും ഓഫ്‌ലൈൻ ക്ലാസുകൾ ആഴ്ചയിൽ 1 ദിവസം അല്ലെങ്കിൽ ആവശ്യാനുസരണം ശനിയോ ഞായറോ ആയിരിക്കും നടക്കുക.

അഡ്മിഷൻ 2026 ജൂൺ 20ന് അവസാനിക്കും. ക്ലാസുകൾ 2026 ജൂലൈ 1ന് കൊച്ചി ക്യാമ്പസിൽ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0484 2375950, 8281442616, kochi@icsi.edu.

# കുസാറ്റ് ഗവേഷക വിദ്യാർത്ഥിക്ക് പ്രൊഫ. ശ്രീഖണ്ഡെ മെമ്മോറിയൽ പ്രബന്ധ പുരസ്കാരം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഗണിതശാസ്ത്ര വകുപ്പ് ഗവേഷക വിദ്യാർത്ഥിയായ അഭിഷേക് അഹേർ, 2026ലെ അന്താരാഷ്ട്ര ഡിസ്ക്രീറ്റ് മാത്തമാറ്റിക്സ് സമ്മേളനമായ അളങഅകളഇങ 2026ൽ പ്രൊഫ. ശ്രീഖണ്ഡെ മെമ്മോറിയൽ മികച്ച പ്രബന്ധ പുരസ്കാരം നേടി. അക്കാഡമി ഓഫ് ഡിസ്ക്രീറ്റ് മാത്തമാറ്റിക്സ് ആൻഡ് ഇറ്റ്സ് അപ്ലിക്കേഷൻസിന്റെ 22ാമത് വാർഷിക സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സമ്മേളനം മദ്രാസിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലായിരുന്നു നടന്നത്.

മുംബൈയിലെ നാശിക്ക് സ്വദേശിയായ അഭിഷേക് അഹേർ, കുസാറ്റ് ഗണിതശാസ്ത്ര വകുപ്പിലെ ഡോ. അപർണ ലക്ഷ്മണൻ എസ്സിന്റെ മാർഗനിർദേശത്തിൽ ഡോക്ടറൽ ഗവേഷണം നടത്തിവരികയാണ്. കോമ്പിനേറ്റോറിക്സിന്റെയും ഡിസ്ക്രീറ്റ് മാത്തമാറ്റിക്സിന്റെയും പ്രധാന ശാഖയായ ഗ്രാഫ് റാംസി തിയറിയാണ് അഭിഷേകിന്റെ ഗവേഷണ മേഖല.
റാംസി തിയറിയിലെ ദീർഘകാലമായി പരിഹരിക്കപ്പെടാതെ കിടന്നിരുന്ന ഒരു പ്രശ്നത്തിന് പരിഹാരം നിർദേശിക്കുന്നതാണ് പുരസ്കാരത്തിന് അർഹമായ ഗവേഷണ പ്രബന്ധം. ബൗണ്ടഡ് ക്ലിക് നമ്പറുള്ള റാംസി സീക്വൻസുകളുടെ അസ്തിത്വം സ്ഥാപിക്കുന്നതാണ് ഈ പഠനത്തിന്റെ പ്രധാന നേട്ടം.

# റിസർച്ച് അസിസ്റ്റൻറ് ഒഴിവ്

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയുടെ ഇൻറർനാഷണൽ സെൻറർ ഫോർ പോളാർ സ്റ്റഡീസിൽ ഒരു വർഷത്തെ കരാറടിസ്ഥാനത്തിൽ റിസർച്ച് അസിസ്റ്റൻറ് തസ്തികയിലെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഇ.ബി.ടി (ഈഴവ/ബില്ലവ/തിയ്യ) വിഭാഗത്തിനാണ് സംവരണം. യോഗ്യത: എം.എസ്സി എൻവയോൺമെൻറൽ സയൻസും പോളാർ റിസർച്ചിലുള്ള പ്രവൃത്തിപരിചയവും. പ്രായപരിധി: ജനുവരി 2026 ൽ 36 വയസ്സ് കവിയരുത്. പ്രതിമാസ ശമ്പളം: 25,000 രൂപ. സംവരണ വിഭാഗത്തിൽപെടുന്നവർ കമ്മ്യൂണിറ്റി, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷിക്കണം.അർഹരായവർ അപേക്ഷയും അനുബന്ധ രേഖകളുടെ പകർപ്പുകളും നോട്ടിഫിക്കേഷൻ തീയതി മുതൽ 15 ദിവസത്തിനകം recruitmentada7@mgu.ac.in എന്ന ഇമെയിലിലേക്ക് അയയ്ക്കണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.



കേരള മാനേജ്മെന്റ് അസോസിയേഷൻ 2026 27 വർഷത്തെ 69ാം വാർഷിക പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം താജ് വിവാന്തയിൽ രാജ്യസഭാംഗം അഡ്വ. ജെബി മേത്തർ ഹിഷാം ഉദ്ഘാടനം ചെയ്യുന്നു. കെ എം എ മുൻ പ്രസിഡന്റ് കെ ഹരികുമാർ, ടി ടി തോമസ്, എ എസ് നാരായണമൂർത്തി, വേണുഗോപാൽ സി ഗോവിന്ദ്, അൽജിയേഴ്സ് ഖാലിദ്, ലേഖ ബാലചന്ദ്രൻ, കെ അനിൽ വർമ എന്നിവർ സമീപം

# കേരള മാനേജ്മെന്റ് അസോസിയേഷൻ പുതിയ ഭാരവാഹികൾ ചുമതലയേറ്റു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ 2026 27 വർഷത്തെ 69ാം വാർഷിക പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം താജ് വിവാന്തയിൽ നടന്നു. തിരുവിതാംകൂർ രാജകുടുംബാംഗം പൂയം തിരുനാൾ ഗൗരി പാർവതി ഭായ് മുഖ്യാതിഥിയും രാജ്യസഭാംഗം അഡ്വ. ജെബി മേത്തർ ഹിഷാം വിശിഷ്ടാതിഥിയുമായിരുന്നു.

മാറ്റങ്ങൾ വളരെ വേഗത്തിലാണ് സംഭവിക്കുന്നതെന്നും മാനേജ്മെന്റ് രംഗത്തും മാറ്റങ്ങൾ സംഭവിക്കുന്നുണ്ടെന്നും മുഖ്യാതിഥിയായി ഓൺലൈനിലൂടെ പങ്കെടുത്ത പൂയം തിരുനാൾ ഗൗരി പാർവ്വതി ഭായ് പറഞ്ഞു. എല്ലാവർക്കും അവരവരുടേതായ വ്യക്തിത്വങ്ങളുണ്ട്. അതുകൊണ്ടു തന്നെ എല്ലാവരേയും ചേർത്തു പിടിച്ചുകൊണ്ടാണ് ബിസിനസ് രംഗത്ത് പ്രവർത്തിക്കേണ്ടതെന്നും അവർ വിശദമാക്കി. കേരള മാനേജ്മെന്റ് അസോസിയേഷനിൽ ഉൾപ്പെടെ വനിതകൾ അവരുടെ കഴിവുകളിലൂടെ സ്ഥാനം നേടിയെടുക്കുന്നതിൽ സന്തോഷമുണ്ടെന്നും എന്നാൽ ഇനിയും പങ്കാളിത്തം വർധിപ്പിക്കേണ്ടതുണ്ടെന്നും ഗൗരി പാർവ്വതി ഭായ് ചൂണ്ടിക്കാട്ടി. കേരള മാനേജ്മെന്റ് അസോസിയേഷന്റെ പദ്ധതികളിൽ വികസനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കേരള സർക്കാറിനും കൈമാറണമെന്നും പുതിയ സംസ്ഥാന ഭരണകൂടം ബിസിനസ് സൗഹൃദമാണെന്നും വിശിഷ്ടാതിഥിയായി പങ്കെടുത്ത അഡ്വ. ജെബി മേത്തർ ഹിഷാം എം പി പറഞ്ഞു. കൂടുതൽ പുരോഗമനമെന്ന് പറയുന്ന യു എസിൽ പോലും വനിതകൾക്ക് തലപ്പത്തേക്കെത്താൻ വലിയ ബുദ്ധിമുട്ടുകളുണ്ടെന്നാണ് യു എസ് വൈസ് പ്രസിഡന്റായിരുന്ന കമലാ ഹാരിസ് പറഞ്ഞതെന്ന് ജെബി മേത്തർ പരാമർശിച്ചു. അങ്ങനെ നോക്കുമ്പോൾ കെ എം എയിൽ വനിതകളുടെ സാന്നിധ്യം അഭിനന്ദനാർഹമാണെന്നും അഡ്വ. ജെബി മേത്തർ പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷന്റെ പുതിയ പ്രസിഡന്റായി അൽജിയേഴ്സ് ഖാലിദും ഹോണററി സെക്രട്ടറിയായി ലേഖ ബാലചന്ദ്രനും ഹോണററി ട്രഷററായി കെ അനിൽ വർമയും ചുമതലയേറ്റു.

ചടങ്ങിൽ വേണുഗോപാൽ സി ഗോവിന്ദ്, ടി ടി തോമസ്, എ എസ് നാരായണ മൂർത്തി, കെ എം എ മുൻ പ്രസിഡന്റ് കെ ഹരികുമാർ, പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്, ഹോണററി സെക്രട്ടറി ലേഖ ബാലചന്ദ്രൻ, ഹോണററി ട്രഷറർ കെ അനിൽ വർമ, സീനിയർ വൈസ് പ്രസിഡന്റ് ദിലീപ് നാരായണൻ എന്നിവർ പ്രസംഗിച്ചു. കെ എം എ വൈസ് പ്രസിഡന്റ് ഡോ. അനിൽ ജോസഫ് സ്വാഗതവും എക്സിക്യൂട്ടീവ് ഡയറക്ടർ ലഫ്. ജോജോ ജേക്കബ് നന്ദിയും പറഞ്ഞു.

# ഗവർണറുമായി കൂടിക്കാഴ്ച നടത്തി എം.ജി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡി. മാവൂതു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, സർവകലാശാല ചാൻസലർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറെ സന്ദശിച്ചു. വൈസ് ചാൻസലറായി ചുമതലയേറ്റ ശേഷം നടത്തുന്ന ആദ്യ ഔദ്യോഗിക കൂടിക്കാഴ്ചയാണിത്.



സർവകലാശാലയുടെ അക്കാദമികവും ഭരണപരവുമായ നിലവാരം കൂടുതൽ ശക്തിപ്പെടുത്താനും ഉന്നത നിലവാരം ഉയർത്തിപ്പിടിക്കാനും ലോക്ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ ചാൻസലർ നിർദ്ദേശം നൽകി.

സർവകലാശാലയുടെ ഭാവി വികസനത്തിനായുള്ള തന്റെ കാഴ്ചപ്പാടുകളും മുൻഗണനകളും പ്രൊഫ. മാവൂതു ചാൻസലറുമായി പങ്കുവെച്ചു. സർവകലാശാലയുടെ നിലവിലെ നേട്ടങ്ങളും വ്യവസ്ഥിതികളും നിലനിർത്തുന്നതിനും അവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രവർത്തിക്കുമെന്ന് അദ്ദേഹം ചാൻസലർക്ക് ഉറപ്പുനൽകി. സർവ്വകലാശാലയുടെ പ്രധാന കാമ്പസിൽ പുതിയ സ്കൂളുകൾ, ഡിപ്പാർട്ട്മെൻറുകൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് വിദ്യാർത്ഥികളുടെ പ്രവേശന അനുപാതം വർദ്ധിപ്പിക്കേണ്ടതിൻറെ ആവശ്യകത വൈസ് ചാൻസലർ കൂടിക്കാഴ്ചയിൽ ചൂണ്ടിക്കാട്ടി. ഭാരതീയ വിജ്ഞാന സമ്പ്രദായത്തിന് പ്രാധാന്യം നൽകിക്കൊണ്ട് പഠനത്തിനും ഗവേഷണത്തിനുമായി ഊർജ്ജസ്വലമായ ഒരു അന്തരീക്ഷം കാമ്പസിൽ സൃഷ്ടിക്കുമെന്നും, ഇതിനായുള്ള പദ്ധതികൾക്ക് ചാൻസലറുടെ പിന്തുണ വേണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

# ഇന്ത്യയുടെ തൊഴിൽ പരിഷ്കാരങ്ങൾ, തൊഴിലാളികൾക്കുള്ള സാമൂഹിക ക്ഷേമ നടപടികൾ, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ വൻ മുന്നേറ്റം



**ജനീവ:** ജനീവയിൽ നടന്ന 114ാമത് അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തിന്റെ പ്രധാന പ്ലീനറി സമ്മേളനത്തെ കേന്ദ്ര സഹമന്ത്രി ശോഭ കരന്ദ്‌ലജെ അഭിസംബോധന ചെയ്തു. ഇന്ത്യയുടെ തൊഴിൽ പരിഷ്കാരങ്ങൾ, തൊഴിലാളികൾക്കുള്ള സാമൂഹിക ക്ഷേമ നടപടികൾ, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിശദീകരിച്ചു

കേന്ദ്ര തൊഴിൽ, സൂക്ഷ്മചെറുകിടഇടത്തരം സംരംഭക സഹമന്ത്രി ശോഭ കരന്ദ്‌ലജെയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘം സ്വിറ്റ്സർലൻഡിലെ ജനീവയിൽ നടന്ന 114ാമത് അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തിൽ പങ്കെടുത്തു.

114ാമത് അന്താരാഷ്ട്ര തൊഴിലാളി സമ്മേളനത്തിന്റെ പ്ലീനറി സമ്മേളനത്തെ അഭിസംബോധന ചെയ്യവേ, സമ്മേളനം വിളിച്ചു ചേർത്ത അന്താരാഷ്ട്ര തൊഴിലാളി സംഘടനയെ കേന്ദ്രമന്ത്രി അഭിനന്ദിച്ചു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആഗോള സാഹചര്യങ്ങൾക്കിടയിൽ സാമൂഹിക നീതിയും മാന്യമായ തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുന്നതിൽ സംഘടനയുടെ സ്ഥിരതയാർന്ന നേതൃത്വത്തെ മന്ത്രി പ്രശംസിച്ചു.

'അന്ത്യോദയ' എന്ന ദർശനത്താൽ നയിക്കപ്പെടുന്ന വിപുലമായ തൊഴിൽ പരിഷ്കാരങ്ങൾ ഇന്ത്യ ഏറ്റെടുത്തിട്ടുണ്ടെന്ന് ശോഭ കരന്ദ്‌ലജെ എടുത്തുപറഞ്ഞു. 29 കേന്ദ്ര തൊഴിൽ നിയമങ്ങൾ നാല് തൊഴിൽ കോഡുകളായി ഏകീകരിച്ചത് അനുവർത്തനം ലളിതമാക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ആധുനികവും സുതാര്യവുമായ തൊഴിൽ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും കാരണമായിട്ടുണ്ട്.

യുവാക്കളുടെ തൊഴിലവസരങ്ങൾ 2014ലെ 34%ൽ നിന്ന് 2025ൽ 56%ലധികമായി വർദ്ധിച്ചുവെന്നും അവർ പറഞ്ഞു. 2017നും 2025നും മദ്ധ്യേ തൊഴിലില്ലായ്മ നിരക്ക് 6%ൽ നിന്ന് 3.1% ആയി കുറഞ്ഞു, വനിതകളുടെ തൊഴിൽ പങ്കാളിത്തം 22%ൽ നിന്ന് 38.8% ആയി ഉയർന്നു.

നാഷണൽ കരിയർ സർവീസ് പോർട്ടൽ, ഇ‌ശ്രം പോർട്ടൽ എന്നിവയിലൂടെ തൊഴിൽ മേഖലയിൽ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ ഇന്ത്യ കൈവരിച്ച പുരോഗതിയെക്കുറിച്ചും കേന്ദ്രമന്ത്രി വിശദീകരിച്ചു. നൈപുണ്യ വികസനത്തിലും തൊഴിൽ വർഗ്ഗീകരണത്തിലും രാജ്യങ്ങൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യവും മന്ത്രി ഊന്നിപ്പറഞ്ഞു. വ്യത്യസ്ത തൊഴിലുകളെ തരംതിരിക്കും വിധം ആഗോള നിലവാരത്തിലുള്ള ഒരു സംവിധാനം സൃഷ്ടിക്കുന്നതിനായി അന്താരാഷ്ട്ര തൊഴിൽ സംഘടനയുമായി ചേർന്ന് ഇന്ത്യ നടത്തിയ പഠനവും ചൂണ്ടിക്കാട്ടി.

ഇന്ത്യയുടെ സാമൂഹിക ക്ഷേമ പരിരക്ഷയുടെ ഗണ്യമായ വികാസം അവർ വിശദീകരിച്ചു, ഐഎൽഒയുടെ പ്രാഥമിക കണക്കുകൾ പ്രകാരം ഇത് ഏകദേശം 1001 മില്യണിലെത്തി . ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന വനിതാ തൊഴിൽ പങ്കാളിത്തവും തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമന്ത്രി വികസിത് ഭാരത് റോസ്ഗർ യോജന ആരംഭിച്ചതും വിശദീകരിച്ചു.

ജനീവയിൽ നടന്ന 114ാമത് അന്താരാഷ്ട്ര തൊഴിൽ സമ്മേളനത്തോടനുബന്ധിച്ച്, ശോഭ കരന്ദ്‌ലജെ, റുവാണ്ടയിലെ പൊതുസേവന, തൊഴിൽ മന്ത്രി അംബാസഡർ ക്രിസ്റ്റീൻ എൻകുലികിയിങ്കയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

തൊഴിൽ സേവനങ്ങൾ, നൈപുണ്യ വികസനം, തൊഴിൽ ശക്തി ആസൂത്രണം, ഡിജിറ്റൽ ഭരണനിർവ്വഹണം എന്നീ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിലും ചർച്ച കേന്ദ്രീകരിച്ചു. ഡിജിറ്റൽ പൊതു ഉപാധികൾ എന്ന നിലയിൽ നാഷണൽ കരിയർ സർവീസ് പോർട്ടലിന്റെയും ഇ‌ശ്രം പോർട്ടലിന്റെയും വിജയത്തെ ഇന്ത്യ ഉയർത്തിക്കാട്ടി. കൂടാതെ തൊഴിൽ സേവനങ്ങൾ, തൊഴിലാളി രജിസ്ട്രേഷൻ, തൊഴിൽ അനുപൂരകത്വം, നൈപുണ്യ വികസനം എന്നിവയ്ക്കായി സമാനമായ സംവിധാനങ്ങൾ വികസിപ്പിക്കാൻ റുവാണ്ടയെ സഹായിക്കുന്നതിന് സാങ്കേതിക സഹായവും പരിശീലനവും വാഗ്ദാനം ചെയ്തു. ഇന്ത്യയുടെ ശക്തമായ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളെ റുവാണ്ട പ്രശംസിക്കുകയും നൈപുണ്യ പരിശീലനം വർദ്ധിപ്പിക്കുന്നതിനും ഔപചാരിക സംരക്ഷണമില്ലാത്ത അനൗപചാരിക തൊഴിലിൽ നിന്ന് കൂടുതൽ സുരക്ഷയും ആനുകൂല്യങ്ങളും നൽകുന്ന ഔപചാരിക ജോലികളിലേക്ക് തൊഴിലാളികളെ മാറ്റുന്നതിനും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു.

ശ്രീലങ്കയിലെ തൊഴിൽ മന്ത്രി അനിൽ ജയന്ത ഫെർണാണ്ടോയുമായി അവർ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ തൊഴിൽ പരിഷ്കാരങ്ങളിൽ ശ്രീലങ്ക ശക്തമായ താൽപ്പര്യം പ്രകടിപ്പിക്കുകയും നാല് പുതിയ തൊഴിൽ കോഡുകളുടെ വിജയകരമായ നിർവ്വഹണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ തേടുകയും ചെയ്തു. ഈ പരിവർത്തനയാത്ര സാധ്യമാക്കിയ പരിഷ്കരണ മാർഗരേഖ, നിർവ്വഹണ രീതികൾ, വിപുലമായ കൂടിയാലോചനകൾ എന്നിവ എടുത്തുകാണിച്ചുകൊണ്ട് ഇന്ത്യൻ പ്രതിനിധി സംഘം തങ്ങളുടെ അനുഭവം പങ്കുവെച്ചു.

ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യ മേഖലയിലെ സഹകരണത്തെക്കുറിച്ചും ചർച്ചകൾ നടന്നു, ഇ‌ശ്രം, നാഷണൽ കരിയർ സർവീസ് പോർട്ടൽ തുടങ്ങിയ സംരംഭങ്ങളിലൂടെ വൈദഗ്ധ്യം, തൊഴിൽ സേവനങ്ങൾ, തൊഴിൽ ശക്തി വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ പിന്തുണ വാഗ്ദാനം ചെയ്തു.

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ ഡയറക്ടർ ജനറൽ ഗിൽബർട്ട് എഫ്. ഹൗങ്ബോയുമായി കേന്ദ്രമന്ത്രി ഒരു ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. യോഗത്തിനിടെ, മാന്യമായ ജോലി, സാമൂഹിക നീതി, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഐഎൽഒയുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത അവർ ആവർത്തിച്ചു. ഇന്ത്യയുടെ സാമൂഹിക ക്ഷേമ പരിരക്ഷയുടെ വികാസത്തെക്കുറിച്ച് അവർ ഡയറക്ടർ ജനറലിനെ അറിയിച്ചു, ഐഎൽഒയുടെ പ്രാഥമിക കണക്കുകൾ പ്രകാരം ഇത് മൊത്തം ജനസംഖ്യയുടെ 68.4% ആയി ഉയർന്നു, അതായത് 100.1 കോടി ഗുണഭോക്താക്കളിലേക്ക് എത്തി.

നാല് തൊഴിൽ കോഡുകൾ മുഖേന ഇന്ത്യയുടെ നാഴികക്കല്ലായ തൊഴിൽ പരിഷ്കാരങ്ങൾ, സാമൂഹിക സംരക്ഷണ പരിരക്ഷയുടെ വിപുലീകരണം, തൊഴിൽ മേഖലയിലെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യ വികസനം, ഭാവി ലക്ഷ്യമാക്കിയുള്ള നൈപുണ്യ സംരംഭങ്ങൾ, അന്താരാഷ്ട്ര തൊഴിൽ മൊബിലിറ്റി എന്നിവയെക്കുറിച്ച് ചർച്ച നടന്നു.

തൊഴിലുകളെ തരംതിരിക്കുന്നതിനുള്ള ഒരു അന്താരാഷ്ട്ര സംവിധാനം സൃഷ്ടിക്കുന്നതിനുള്ള സാധ്യത പഠിക്കുന്നതിൽ സഹായം ഉൾപ്പെടെ, അന്താരാഷ്ട്ര തൊഴിൽ സംഘടന ഇന്ത്യയ്ക്ക് നൽകിയ സാങ്കേതിക പിന്തുണയ്ക്ക് സഹമന്ത്രി നന്ദി അറിയിച്ചു. എല്ലാവരെയും ഉൾക്കൊള്ളുന്നതും, പ്രതിരോധ ശേഷിയുള്ളതും, ഭാവിയിലെ വെല്ലുവിളികൾ നേരിടാൻ സജ്ജവുമായ തൊഴിൽ വിപണികൾ സൃഷ്ടിക്കുന്നതിനും, തൊഴിലാളികൾക്ക് മികച്ച അവസരങ്ങളും സംരക്ഷണവും ഉറപ്പാക്കുന്നതിനും, ഐഎൽഒയുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും മന്ത്രി ആവർത്തിച്ചു.

ഡിജിറ്റൽ സാമ്പത്തിക ബന്ധത്തിനും അയൽപക്ക സഹകരണത്തിനും വലിയ ഊർജം പകർന്ന് അതിർത്തി കടന്നുള്ള ഔദ്യോഗിക വ്യക്തിഗത പണമിടപാട് സംവിധാനത്തിന് ഇന്ത്യയും നേപ്പാളും 2026 ജൂൺ 6ന് തുടക്കം കുറിച്ചു.

പുതുതായി പ്രവർത്തനസജ്ജമാക്കിയ ഈ സംവിധാനം ഇന്ത്യയുടെ യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസും (യുപിഐ) നേപ്പാളിന്റെ നാഷണൽ പേയ്മെന്റ് ഇന്റർഫേസും (എൻപിഐ) തമ്മിൽ നേരിട്ട് ബന്ധിപ്പിക്കുന്നു. ഈ സംയോജനം ഇരു രാജ്യങ്ങളിലെയും പൗരന്മാർക്ക് മൊബൈൽ ബാങ്കിങ് അപ്ലിക്കേഷനുകളും ഡിജിറ്റൽ വാലറ്റുകളും വഴി തടസ്സമില്ലാതെയും സുരക്ഷിതമായും നേരിട്ട് തത്സമയ പണമിടപാടുകൾ സാധ്യമാക്കുന്നു.

സാമ്പത്തിക ഉൾച്ചേർക്കലിലെ സുപ്രധാന ചുവടുവെപ്പായ യു.പി.ഐഎൻ.പി.ഐ സംയോജനം ഇന്ത്യയും നേപ്പാളും തമ്മിലെ സാമ്പത്തികഡിജിറ്റൽ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നു. അതിർത്തി കടന്നുള്ള പണമിടപാടുകൾ എളുപ്പവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമാക്കുകയെന്ന പ്രാദേശിക ലക്ഷ്യങ്ങളോട് ചേർന്നുനിൽക്കുന്ന ഈ നടപടി ഇരുരാജ്യങ്ങളും തമ്മിലെ ദീർഘകാല സാമൂഹ്യസാമ്പത്തിക ബന്ധങ്ങളെ കൂടുതൽ സുദൃഢമാക്കുന്നു.

നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ അന്താരാഷ്ട്ര വിഭാഗമായ എൻ.പി.സി.ഐ ഇന്റർനാഷണൽ പേയ്മെന്റ് ലിമിറ്റഡും (എൻഐപിഎൽ) നേപ്പാൾ ക്ലിയറിങ് ഹൗസ് ലിമിറ്റഡും (എൻസിഎച്ച്എൽ) തമ്മിലെ സഹകരണത്തിലൂടെയാണ് ഈ സാങ്കേതിക സംയോജനം യാഥാർത്ഥ്യമാക്കിയത്.

ഇരുരാജ്യങ്ങളും തമ്മിലെ വാണിജ്യ പ്രവർത്തനങ്ങളിൽ വലിയൊരു മാറ്റത്തെ പ്രതിനിധീകരിക്കുന്ന ഈ ഡിജിറ്റൽ പണമിടപാട് സംവിധാനം ഉടൻ നൽകുന്ന നേട്ടങ്ങൾ:

യാത്രാക്ലേശം കുറയ്ക്കുന്നു: വിദേശ കറൻസി മാറ്റിയെടുക്കുന്നതിലെ ബുദ്ധിമുട്ടുകൾ, വലിയ തുക കൈയിൽ സൂക്ഷിക്കൽ, വിദേശ വിനിമയ നിരക്കുകളിലെ അപരിചിതത്വം എന്നിവ ഒഴിവാക്കുന്നു.

പ്രാദേശിക വ്യാപാരികൾക്ക് സാമ്പത്തിക ഉണർവ്: സാങ്കേതികവിദ്യ നന്നായി ഉപയോഗിക്കുന്ന നിരവധി ഇന്ത്യൻ സഞ്ചാരികളിലൂടെ ഇടപാടുകൾ വർധിക്കുന്നത് നേപ്പാളിലെ വ്യാപാരസംരംഭങ്ങൾക്ക് നേരിട്ട് പ്രയോജനം ചെയ്യുന്നു.

പ്രവർത്തന കാര്യക്ഷമത: പ്രാദേശിക വ്യാപാരികൾക്ക് പണം കൈകാര്യം ചെയ്യൽ സുഗമമാക്കുന്നു. കറൻസി കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അധിക ചെലവുകൾ കുറയുകയും സുരക്ഷിത തത്സമയ ഇടപാടുകൾ സാധ്യമാവുകയും ചെയ്യുന്നു.

നേരിട്ടുള്ള തത്സമയ കൈമാറ്റം: അതിർത്തികളിലൂടെ ഭൗതികമായി പണം കൊണ്ടുപോകേണ്ടതിന്റെയോ മന്ദഗതിയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത ബാങ്കിങ് സംവിധാനങ്ങളെ ആശ്രയിക്കുന്നതിന്റെയോ ആവശ്യകത ഇല്ലാതാക്കുന്നു.

സിംഗപ്പൂർ, യുഎഇ, ഫ്രാൻസ്, മൗറീഷ്യസ്, നേപ്പാൾ, ഭൂട്ടാൻ, ഖത്തർ, ശ്രീലങ്ക, കംബോഡിയ എന്നിങ്ങനെ ഒൻപത് രാജ്യങ്ങളിൽ നിലവിൽ യു.പി.ഐ അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യൻ സഞ്ചാരികൾക്ക് പരിചിതമായ സംവിധാനങ്ങളിലൂടെ വിദേശത്ത് തടസ്സമില്ലാതെ ഡിജിറ്റൽ പണമിടപാടുകൾ നടത്താൻ ഇത് സൗകര്യമൊരുക്കുന്നു.

# റിലയൻസ് ജിയോയ്ക്ക് കേരളത്തിൽ മുന്നേറ്റം; വരുമാനത്തിൽ ഒന്നാമത്

**കൊച്ചി:** കേരളത്തിൽ വരുമാനത്തിലും ഉപഭോക്താക്കളുടെ വളർച്ചനിരക്കിലും വൻ നേട്ടവുമായി റിലയൻസ് ജിയോ. ടെലികോം റെഗുലേറ്ററി അതോറിറ്റിയുടെ 2025-26ലെ കണക്കുപ്രകാരമാണ് ജിയോയുടെ നേട്ടം. ടെലികോം മേഖലയിലെ പ്രധാന വളർച്ചാ സൂചികയായ അഡ്ജസ്റ്റഡ് ഗ്രോസ് റവന്യൂ (എജിആർ) വിഹിതത്തിലാണ് (ആർഎംഎസ്) ജിയോ ഒന്നാംസ്ഥാനത്തെത്തിയത്. 2025-26ന്റെ നാലാം പാദത്തിൽ ജിയോയുടെ എജിആർ വിപണിവിഹിതം 32.8 ശതമാനമായി വർധിച്ചു. 868.16 കോടി രൂപയാണ് എജിആർ. മുൻവർഷത്തെ സമാനപാദത്തിൽ 796.59 കോടിയായിരുന്നു.

കഴിഞ്ഞവർഷം സംസ്ഥാനത്ത് ജിയോ 5 ലക്ഷത്തിലധികം പുതിയ വരിക്കാരെയും സ്വന്തമാക്കി. ഇതിൽ 3.53 ലക്ഷം മൊബിലിറ്റി ഉപഭോക്താക്കളും 1.51 ലക്ഷം ഹോം ബ്രോഡ്ബാൻഡ് (ഫൈബർ) ഉപഭോക്താക്കളുമാണ്. മൊബൈൽ കണക്റ്റിവിറ്റി, ജിയോ ട്രൂ 5ജി സേവനങ്ങൾ, ഹോം ബ്രോഡ്ബാൻഡ് സേവനങ്ങൾ, വ്യക്തിഗത ഉപഭോക്താക്കൾക്കും ബിസിനസ് സ്ഥാപനങ്ങൾക്കുമുള്ള വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയിലെ സേവനങ്ങളുടെ സ്വീകാര്യതയാണ് നേട്ടത്തിന് പിന്നിലെന്ന് കമ്പനി പ്രതികരിച്ചു.

# എംഎസ്സിഐ ഇഎം ടോപ് ടെന്നിൽ ഇന്ത്യൻ കമ്പനികളില്ല

**മുംബൈ:** ലോകമെമ്പാടുമുള്ള വളർന്നുവരുന്ന സമ്പദ്വ്യവസ്ഥകളിലേക്ക് കോടിക്കണക്കിന് ഡോളറിന്റെ നിക്ഷേപം എങ്ങനെ വിന്യസിക്കണമെന്ന് തീരുമാനിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന 'എംഎസ് സിഐ എമർജിംഗ് മാർക്കറ്റ്സ് സൂചിക'യിലെ ആദ്യ 10 സ്ഥാനങ്ങളിൽ, കുറഞ്ഞത് 2000മാണ്ടിന് ശേഷമുള്ള ചരിത്രത്തിൽ ആദ്യമായി ഒരു ഇന്ത്യൻ കമ്പനി പോലും ഇടംപിടിക്കാതെ പോയിരിക്കുന്നു.

സൂചികയിലെ ഇന്ത്യയുടെ ഏറ്റവും വലിയ രണ്ട് കമ്പനികളായ എച്ച്ഡിഎഫ്സി ബാങ്കും റിലയൻസ് ഇൻഡസ്ട്രീസും കഴിഞ്ഞ മാർച്ചിൽ യഥാക്രമം 7, 8 സ്ഥാനങ്ങളിലായിരുന്നത് സമീപ മാസങ്ങളിൽ 11, 12 സ്ഥാനങ്ങളിലേക്ക് പിന്തള്ളപ്പെട്ടു.

സൂചികയിൽ ഇവയുടെ വ്യക്തിഗത വിഹിതം 0.8 ശതമാനത്തിൽ താഴെയായി കുറയുകയും ചെയ്തു. ഇതോടെ സൂചികയിലെ ഇന്ത്യയുടെ ആകെ വിഹിതം 10.87 ശതമാനമായി കുറഞ്ഞു. ഇത് കഴിഞ്ഞ ആറ് വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കാണ്.

ചൈനയെ മറികടന്ന് ഇതിന്റെ തന്നെ മറ്റൊരു സൂചികയായ എംഎസ് സിഐ ഇഎം ഇൻവെസ്റ്റബിൾ മാർക്കറ്റ് സൂചികയിൽ ഇന്ത്യ ഒന്നാമതെത്തിയ 2024ലെ റിക്കാർഡ് നിരക്കിന്റെ പകുതിയോളം മാത്രമാണ് ഇപ്പോഴത്തെ വിഹിതം. എന്നാൽ, പിന്നീട് ചൈന ഒന്നാം സ്ഥാനം തിരിച്ചുപിടിക്കുകയും ചെയ്തിരുന്നു.

ആഗോള മൂലധന വിപണിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സാങ്കേതികവിദ്യാ ഓഹരികൾ എന്നിവയിലേക്ക് നിക്ഷേപകർ വൻതോതിൽ മാറിയതാണ് ഇതിന് പ്രധാന കാരണം.

## ഫ്ളിപ്കാർട്ടും മെറ്റയും സഹകരിക്കും

**കൊച്ചി:** ഇന്ത്യയിലെ ആഭ്യന്തര ഇകൊമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ളിപ്കാർട്ട് ഗ്രൂപ്പ്, മെറ്റയുടെ അഫിലിയേറ്റ് പങ്കാളിയായി ചേർന്ന് ക്രിയേറ്റർ അധിഷ്ഠിത കൊമേഴ്സിനെ കൂടുതൽ ശക്തിപ്പെടുത്തുന്ന പുതിയ സംരംഭം പ്രഖ്യാപിച്ചു.

ഇതിലൂടെ ഫ്ളിപ്കാർട്ടിലെയും മിന്ത്രയിലെയും ഉത്പന്നങ്ങൾ ഫേസ്ബുക്ക് പോസ്റ്റുകളിലും റീലുകളിലും ക്രിയേറ്റർമാർക്ക് നേരിട്ട് ടാഗ് ചെയ്യാൻ സാധിക്കുമെന്ന് അധികൃതർ അറിയിച്ചു.

## ചരക്കു നീക്കം വേഗത്തിലാക്കും

**കൊച്ചി:** രാജ്യത്തെ മുൻനിര കാർഗോ കമ്പനിയായ ഓൾ കാർഗോ ലോജിസ്റ്റിക്സും അവരുടെ ആഭ്യന്തര വിഭാഗമായ എക്സ്പ്രസ് ഡിസ്ട്രിബ്യൂഷനും ചരക്കു നീക്കത്തിന് പുതിയ സാങ്കേതിക വിദ്യയും വിവിധ വിതരണ മാതൃകകളും ആവിഷ്കരിച്ചു.

വർധിച്ചു വരുന്ന ഇലക്ട്രോണിക്സ്, ഗൃഹോപകരണ മേഖലയിലെ ചരക്കു നീക്കത്തിന് വേഗത വർധിപ്പിക്കുകയാണു ലക്ഷ്യമെന്ന് അധികൃതർ പറഞ്ഞു.

ഏകീകൃത സാങ്കേതിക പ്ലാറ്റ്ഫോമുകൾ, തത്സമയ കാർഗോ ട്രാക്കിംഗ്, നവീകരിച്ച സംയോജിത പ്രവർത്തന സംവിധാനങ്ങൾ, ക്ലൗഡ് അധിഷ്ഠിത സൗകര്യങ്ങൾ എന്നിവയിലൂടെയാണ് വിതരണ ശൃംഖലയുടെ കാര്യക്ഷമത ഓൾ കാർഗോ ലോജിസ്റ്റിക്സ് മെച്ചപ്പെടുത്തിയിരിക്കുന്നത്.

ഇലക്ട്രോണിക് ഉത്പന്നങ്ങൾ, ഗൃഹോപകരണങ്ങൾ, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ എന്നിവയുടെ ഡിമാൻഡ് വർധിച്ചുകൊണ്ടിരിക്കുന്നതിനാൽ വിവിധ വിപണികളിലേക്ക് ഇത്തരം ഉത്പന്നങ്ങൾ കൂടുതലായി അതിവേഗം എത്തിക്കേണ്ട സാഹചര്യം പരിഗണിച്ചാണ് കൂടുതൽ ഫലപ്രദമായ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ കമ്പനി തീരുമാനിച്ചതെന്നും അധികൃതർ വ്യക്തമാക്കി.

# മോട്ടോറോള എഡ്ജ് 70 പ്രോ പ്ലസ് വിൽപ്പനയ്ക്കെത്തി

## ഓഫറുകളോടെ വില 44,999 രൂപ മുതൽ

**ന്യൂഡൽഹി:** സ്മാർട്ട്ഫോൺ ബ്രാൻഡായ മോട്ടോറോളയുടെ പുതിയ പ്രീമിയം ഫോണായ മോട്ടോറോള എഡ്ജ് 70 പ്രോ പ്ലസ് ഇന്ത്യയിൽ വിൽപ്പനയ്ക്കെത്തി. ജൂൺ 11 മുതൽ ഫ്ലിപ്കാർട്ട്, ഒഫീഷ്യൽ വെബ്സൈറ്റ്, രാജ്യത്തെ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി ഫോൺ ലഭ്യമാണ്.




പ്രൊഫഷണൽ ഗ്രേഡ് ക്വാഡ് 50എംപി ക്യാമറ സിസ്റ്റം, മീഡിയാടെക് ഡൈമെൻസിറ്റി 8500 എക്സ്ട്രീം പ്രോസസർ, 6500എംഎഎച്ച് ബാറ്ററി എന്നിവയാണ് ഫോണിന്റെ പ്രധാന സവിശേഷതകൾ. 12ജിബി റാം, 256ജിബി സ്റ്റോറേജ് വേരിയന്റിന്റെ ലോഞ്ച് വില 47,999 രൂപയാണ്. എന്നാൽ 3,000 രൂപയുടെ ബാങ്ക് ക്യാഷ്ബാക്ക് അല്ലെങ്കിൽ എക്സ്ചേഞ്ച് ബോണസ് ഓഫറിലൂടെ ഉപഭോക്താക്കൾക്ക് ഫോൺ 44,999 രൂപയ്ക്ക് സ്വന്തമാക്കാം. 6 മാസം വരെ നോകോസ്റ്റ് ഇഎംഐ സൗകര്യവും ലഭ്യമാണ്.

സോണി ലിറ്റിയ 710 സെൻസറോടുകൂടിയ 50എംപി പ്രധാന ക്യാമറ, 50എംപി പെരിസ്കോപ്പ് ടെലിഫോട്ടോ ക്യാമറ, 50എംപി അൾട്രാവൈഡ്മാക്രോ ക്യാമറ, 50എംപി സെൽഫി ക്യാമറ എന്നിവയാണ് ക്യാമറ സംവിധാനത്തിലുള്ളത്. എല്ലാ ക്യാമറകളിലും 4കെ 60എഫ്പിഎസ് വീഡിയോ റെക്കോർഡിംഗ് സൗകര്യമുണ്ട്.

144 ഹേർട്സ് റിഫ്രെഷ് റേറ്റും 5200 നിറ്റ്സ് പീക്ക് ബ്രൈറ്റ്നസും ഉള്ള 6.8 ഇഞ്ച് സൂപ്പർ എച്ച്ഡി+ അമോലെഡ് ക്വാഡ്കേർവ്ഡ് ഡിസ്പ്ലേ, 4600എംഎംഎച്ച വേപ്പർ ചേമ്പർ കൂളിങ് സിസ്റ്റം, 90 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിംഗ്, 15 വാട്ട് വയർലെസ് ചാർജിംഗ് പിന്തുണയുള്ള 6500എംഎഎച്ച് സിലിക്കൺകാർബൺ ബാറ്ററി എന്നിവയും ഫോണിലുണ്ട്.

ഐപി68, ഐപി69 നിലവാരത്തിലുള്ള വാട്ടർഡസ്റ്റ് പ്രതിരോധം, ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം, ആൻഡ്രോയ്ഡ് 16 അധിഷ്ഠിത ഹലോ യുഐ, മോട്ടോ എഐ 2.0 ഫീച്ചറുകൾ എന്നിവയും ഫോണിന്റെ പ്രത്യേകതകളാണ്. 3 വർഷത്തെ ഒഎസ് അപ്ഗ്രേഡുകളും 5 വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും കമ്പനി വാഗ്ദാനം ചെയ്യുന്നു.

# ടൈ കേരള ടിവൈഇ ഗ്ലോബൽ സമ്മിറ്റ് 13ന് കൊച്ചിയിൽ

**കൊച്ചി:** വിദ്യാർഥികളിലെ സംരംഭകത്വവും നവീകരണ ചിന്തയും പ്രോത്സാഹിപ്പിക്കുന്നതിന് ടൈ യംഗ് എന്റർപ്രണേഴ്സ് (ടി വൈ ഇ) ഗ്ലോബൽ സമ്മിറ്റ് ജൂൺ 13ന് കൊച്ചിയിലെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഡിജിറ്റൽ ഹബ്ബിൽ സംഘടിപ്പിക്കും. രാവിലെ 9 മുതൽ വൈകിട്ട് 5 വരെയാണ് പരിപാടി. കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ എസ് യു എം) സഹകരണത്തോടെയാണ് ദി ഇൻഡസ് എന്റർപ്രണേഴ്സ് (ടൈ) കേരള ചാപ്റ്റർ ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കുന്നത്.

കേരള ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എം പി മുഖ്യാതിഥിയായിരിക്കും. കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനൂപ് അംബിക, ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ്, ടി വൈ ഇ കേരള ചെയറും ഗ്ലോബൽ ബോർഡ് അംഗവുമായ വിനോദിനി സുകുമാർ, ടൈ കേരള വൈസ് പ്രസിഡന്റ് ഡോ. ജീമോൻ കോര എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കും.

കേരളത്തിൽ ഇതുവരെ സംഘടിപ്പിച്ചിട്ടുള്ള ഏറ്റവും വലിയ വിദ്യാർഥി സംരംഭകത്വ നവീകരണ സംഗമങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്ന ഉച്ചകോടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്കൂൾ സ്റ്റാർട്ടപ്പ് ടീമുകൾ പങ്കെടുക്കും. സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ ഉൾപ്പെടെ ഏകദേശം 2,000 വിദ്യാർഥികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നവീകരണ ആശയങ്ങൾ പങ്കുവെക്കാനും സംരംഭകത്വത്തെക്കുറിച്ചുള്ള പഠനാനുഭവങ്ങൾ നേടാനും സ്റ്റാർട്ടപ്പ് ലോകത്തെ അടുത്തറിയാനുമുള്ള വേദിയായിരിക്കും പരിപാടി.

ടി വൈ ഇ ഗ്ലോബൽ ഫൈനൽസിന് മുന്നോടിയായാണ് സമ്മേളനം നടക്കുന്നത്. വിദ്യാർഥി സ്റ്റാർട്ടപ്പ് പ്രദർശനങ്ങൾ, മേക്കർ ഫെയർ, റോബോട്ടിക്സ്, നിർമിത ബുദ്ധി, ഗെയിമിങ് സാങ്കേതികവിദ്യകളുടെ അവതരണങ്ങൾ, സംരംഭകരുമായുള്ള സംവാദങ്ങൾ, മെന്റർ ക്ലിനിക്കുകൾ, സാങ്കേതികവിദ്യാ നവീകരണ എക്സ്പോ എന്നിവ പരിപാടിയുടെ ഭാഗമാകും.

കഴിഞ്ഞ നാല് വർഷത്തിനിടെ ടി വൈ ഇ കേരളയുടെ വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികൾ, മെന്ററിങ് പരിപാടികൾ എന്നിവയിലൂടെ 20,000ത്തിലധികം വിദ്യാർഥികൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചതായി സംഘാടകർ അറിയിച്ചു. സ്വകാര്യ, സർക്കാർ സ്കൂളുകളിലെ വിദ്യാർഥികൾക്ക് ഒരുപോലെ അവസരം ഒരുക്കുന്ന സമീപനമാണ് ടി വൈ ഇ പിന്തുടരുന്നതെന്നും അവർ വ്യക്തമാക്കി.

യു എസിലെ സിയാറ്റിലിലും കൊച്ചിയിലും ഒരേസമയം നടക്കുന്ന ടി വൈ ഇ ഗ്ലോബൽ ഫൈനൽസോടെയാണ് ഉച്ചകോടി സമാപിക്കുക. ടൈ സിയാറ്റിലിലും ടൈ കേരള ചാപ്റ്ററും സംയുക്തമായി സംഘടിപ്പിക്കുന്ന ഈ അന്താരാഷ്ട്ര വിദ്യാർഥി സംരംഭകത്വ മത്സരത്തിലൂടെ യുവ സംരംഭകത്വത്തിന്റെയും നവീകരണത്തിന്റെയും ആഗോള ഭൂപടത്തിൽ കേരളത്തിന് കൂടുതൽ ശ്രദ്ധ നേടാനാകുമെന്നാണ് പ്രതീക്ഷ.

കേരള സ്റ്റാർട്ടപ്പ് പരിസ്ഥിതി, ക്യാമ്പസ് നവീകരണങ്ങൾ, ഇന്ത്യൻ സംരംഭകത്വത്തെ ആഗോളതലത്തിലേക്ക് ഉയർത്തൽ തുടങ്ങിയ വിഷയങ്ങളിൽ പാനൽ ചർച്ചകളും നടക്കും. എഐ, ഗെയിം ഡിസൈൻ, ത്രിഡി പ്രിന്റിങ്, ഇന്റലക്ചൽ പ്രോപ്പർട്ടി, സ്റ്റോറി ടെല്ലിങ് തുടങ്ങിയ മേഖലകളിൽ ശിൽപശാലകളും സംഘടിപ്പിക്കും.

ഡിജിറ്റൽ ഹബ്ബിൽ ഒരുക്കുന്ന പ്രത്യേക ഫ്യൂച്ചർ എക്സ്പോയിലൂടെ റോബോട്ടിക്സ്, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, എഐ, വി ആർ ഗെയിമുകൾ എന്നിവ പരിചയപ്പെടാനും ഫാബ് ലാബ്, മേക്കർ വില്ലേജ് തുടങ്ങിയ സംവിധാനങ്ങൾ സന്ദർശിക്കാനും വിദ്യാർഥികൾക്ക് അവസരമുണ്ടാകും.

കൂടുതൽ വിവരങ്ങൾക്ക് kerala.tie.org വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. രജിസ്ട്രേഷന് events.tie.org/TYEStudentEtnrepreneurshipSummit2026

സൊസൈറ്റി ടുഡേ
SOCIETY TODAY

# നെരോലാക് പെർമ നോഹീറ്റ്: പുതിയ കാമ്പെയ്നുമായി കാൻസായി നെരോലാക്

**മുംബൈ:** കാൻസായി നെരോലാക് പെയിന്റ്സ് തങ്ങളുടെ ഹീറ്റ് റിഫ്ലെക്റ്റീവ് കോട്ടിംഗ് ഉൽപ്പന്നമായ 'നെരോലാക് പെർമ നോഹീറ്റ്' പ്രചരിപ്പിക്കുന്നതിനായി പുതിയ ഡിജിറ്റൽ വീഡിയോ കാമ്പെയ്ൻ പുറത്തിറക്കി. ക്രിയേറ്റീവ് ഏജൻസിയായ ബസിംഗ തയ്യാറാക്കിയ കാമ്പെയ്നിൽ തെർമൽ ഇമേജിങ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപ്പന്നത്തിന്റെ പ്രവർത്തനം ദൃശ്യവൽക്കരിച്ചിട്ടുണ്ട്.

രാജസ്ഥാനിൽ നടത്തിയ പരീക്ഷണത്തിൽ, നെരോലാക് പെർമ നോഹീറ്റ് പൂശിയതും പൂശാത്തതുമായ പ്രതലങ്ങളിലെ താപനില വ്യത്യാസം തെർമൽ ക്യാമറയിലൂടെ രേഖപ്പെടുത്തിയതായി കമ്പനി അറിയിച്ചു. പെയിന്റ് ചെയ്ത പ്രതലങ്ങളിൽ 15 ഡിഗ്രി സെൽഷ്യസ് വരെ താപനില കുറയുന്നതായി കണ്ടെത്തിയെന്നും കമ്പനി അവകാശപ്പെട്ടു.



വെറും അവകാശവാദങ്ങൾക്കപ്പുറം ഉൽപ്പന്നത്തിന്റെ യഥാർത്ഥ ഗുണമേന്മ നേരിട്ട് ബോധ്യപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് കാൻസായി നെരോലാക് പെയിന്റ്സ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ രാമകൃഷ്ണ നായിക് പറഞ്ഞു. കെട്ടിടങ്ങളുടെ പുറംചുവരുകൾ, ടെറസുകൾ, റൂഫ്ടോപ്പുകൾ എന്നിവയ്ക്കായി രൂപകൽപ്പന ചെയ്ത ഈ കോട്ടിംഗിലെ പ്രത്യേക പിഗ്മെന്റുകൾ സൂര്യപ്രകാശം പ്രതിഫലിപ്പിക്കുകയും ചൂട് ആഗിരണം ചെയ്യുന്നത് കുറയ്ക്കുകയും ചെയ്യുന്നു. ഇതുവഴി കെട്ടിടങ്ങൾക്കുള്ളിലെ ചൂട് നിയന്ത്രിക്കാൻ സഹായിക്കുമെന്ന് കമ്പനി വ്യക്തമാക്കി.

# ടിസിഎസും ആന്ത്രോപിക്കും സഹകരിക്കുന്നു

**കൊച്ചി:** ടാറ്റ കൺസൾട്ടൻസി സർവീസസ്, എന്റർപ്രൈസ് എഐ സ്വീകാര്യത വർദ്ധിപ്പിക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനായി മുൻനിര എഐ കമ്പനിയായ ആന്ത്രോപിക്കുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. മികച്ച ഉപഭോക്തൃ മൂല്യ നിർദ്ദേശങ്ങൾ, സംയുക്ത വ്യവസായ പരിഹാരങ്ങൾ, ക്ലോഡ് സീരീസ് മോഡലുകൾ വഴി മികച്ച എഐ വൈദഗ്ദ്ധ്യം എന്നിവ നൽകുന്നതിനായി ഒരു പ്രത്യേക ബിസിനസ് യൂണിറ്റും ടിസിഎസ് സ്ഥാപിക്കും.

കൃത്യത, ആഴത്തിലുള്ള സംയോജനം, പ്രതിരോധശേഷി, ശക്തമായ ഭരണം എന്നിവ ആവശ്യമുള്ള സംരംഭങ്ങളിലേക്ക് ടിസിഎസ് ആന്ത്രോപിക്കിന്റെ ക്ലോഡ് മോഡലുകൾ എത്തിക്കും. ആഭ്യന്തര വിന്യാസം, സംയുക്ത മാർക്കറ്റ് ഓഫറുകൾ, ഇൻഡസ്ട്രി കോഇന്നൊവേഷൻ, തൊഴിലാളി ശാക്തീകരണം എന്നിവ സംയോജിപ്പിക്കുന്നതിലൂടെ, സംരംഭങ്ങളിലുടനീളം ഇത് പ്രാവർത്തികമാക്കാനും ഗുണഫലങ്ങൾ നൽകാനും ഈ പങ്കാളിത്തം ഉപഭോക്താക്കൾക്ക് സഹായകരമാകും.

എൻജിനീയറിങ്, ഫിനാൻസ്, ലീഗൽ, മാർക്കറ്റിംഗ്, സെയിൽസ് മേഖലകളിലായി 50,000 അസോസിയേറ്റുകളെ ടിസിഎസ് ക്ലോഡ് വഴി സജ്ജരാക്കും. ആന്തരികമായി ക്ലോഡ് വിന്യസിക്കുന്നതിലൂടെ, സ്വന്തം പ്രവർത്തനങ്ങളിൽ വരുന്ന മാറ്റത്തിൻറെ അനുഭവം ടിസിഎസ് നേരിട്ട് നേടുകയും ഉപഭോക്താക്കളുടെ വിജയത്തിനായി ഈ ഉൾക്കാഴ്ചകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും.

ഫിനാൻഷ്യൽ സർവീസുകൾ, പബ്ലിക് സർവീസുകൾ, ലൈഫ് സയൻസസ്, ഹെൽത്ത്കെയർ, ഏവിയേഷൻ, ടെലികോം, മെഡ്ടെക് തുടങ്ങിയ മേഖലകൾ ഉൾപ്പെടെയുള്ള വ്യവസായങ്ങളിലുടനീളം എഐ സൊല്യൂഷനുകളും സേവനങ്ങളും ടിസിഎസും ആന്ത്രോപിക്കും സംയുക്തമായി വിപണിയിലെത്തും. ടിസിഎസിന്റെ കൺസൾട്ടിംഗ്, എഞ്ചിനീയറിംഗ്, മാനേജ്ഡ് സർവീസസ് കഴിവുകളുടെ പിന്തുണയോടെ, ഡൊമെയ്ൻ അടിസ്ഥാനമാക്കിയുള്ള വർക്ക്ഫ്ലോകൾ, നവീകരണം, ഉപഭോക്തൃ അനുഭവ പരിവർത്തനം എന്നിവയ്ക്കുള്ള പരിഹാരങ്ങൾ ഇരു കമ്പനികളും ഒരുമിച്ച് കണ്ടെത്തും.

ടിസിഎസ് ഉത്പന്നങ്ങൾ, പ്ലാറ്റ്ഫോമുകൾ, വിവിധ മേഖലകളിലെ ഡൊമെയ്ൻ സൊലൂഷനുകൾ എന്നിവയിലേക്കും ഈ പങ്കാളിത്തം വ്യാപിക്കും. ഇന്ത്യയിലെ 1,500 നഗരങ്ങളിലായി 75 ദശലക്ഷത്തിലധികം വാർഷിക അസസ്മെൻറുകൾ ടിസിഎസ് അയോൺ നടത്തുന്നുണ്ട്. ഈ പങ്കാളിത്തത്തിലൂടെ ടിസിഎസ് അയോൺ ക്ലോഡ് മോഡലുകളിൽ മികച്ച പരിശീലനവും സർട്ടിഫിക്കേഷനും നൽകും. ഇത് എഐസർട്ടിഫൈഡ് തൊഴിലാളികളെ വാർത്തെടുക്കാൻ സഹായിക്കും.

എന്റർപ്രൈസ് എഐയുടെ മൂല്യം ബിസിനസ് സന്ദർഭം മനസ്സിലാക്കുന്നതിലും സങ്കീർണ്ണമായ സിസ്റ്റങ്ങളെ ഏകോപിപ്പിക്കുന്നതിലും മികച്ച എഐ എഞ്ചിനീയറിംഗ് പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നതിലും നിന്നാണ് ഉണ്ടാകുന്നതെന്ന് ടിസിഎസ് സിഇഒയും എംഡിയുമായ കെ കൃതിവാസൻ പറഞ്ഞു. ക്ലോഡിനെ ഞങ്ങളുടെ വ്യവസായ വൈദഗ്ദ്ധ്യം, എഞ്ചിനീയറിംഗ് മികവ്, വലിയ തോതിലുള്ള പരിവർത്തന കഴിവുകൾ എന്നിവയുമായി സംയോജിപ്പിക്കുന്നതിലൂടെ, പ്രത്യേകിച്ചും വിശ്വാസം, പ്രതിരോധശേഷി, റെഗുലേറ്ററി അച്ചടക്കം എന്നിവ നിർണായകമായ വ്യവസായങ്ങളിൽ ഉത്പാദന വേഗം കൈവരിക്കാൻ ഞങ്ങൾ ഉപഭോക്താക്കളെ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൃത്യതയ്ക്ക് ഏറ്റവും പ്രാധാന്യമുള്ള സന്ദർഭങ്ങളിൽ സുരക്ഷിതവും വിശ്വസനീയവും സഹായകരവുമായാണ് ഞങ്ങൾ ക്ലോഡ് നിർമ്മിച്ചിരിക്കുന്നതെന്ന് ആന്ത്രോപിക് സഹസ്ഥാപകനും സിഇഒയുമായ ഡാരിയോ അമോഡെയ് പറഞ്ഞു. ഞങ്ങളുടെ രണ്ടാമത്തെ വലിയ വിപണിയായ ഇന്ത്യയോടുള്ള ഞങ്ങളുടെ പ്രതിബദ്ധത ഈ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കുന്നു. ഈ പ്രദേശത്തും ആഗോളതലത്തിലുമുള്ള സംരംഭങ്ങൾക്കും പ്രൊഫഷണലുകൾക്കും ടിസിഎസ് ക്ലോഡ് എത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ലോകമെമ്പാടുമുള്ള സംരംഭങ്ങൾക്ക് എഐ അടിസ്ഥാനപരവും പരിവർത്തനപരവുമാകുമെന്ന ഞങ്ങളുടെ സമാനമായ ബോധ്യത്തെ ഈ പങ്കാളിത്തം പ്രതിഫലിപ്പിക്കുന്നുവെന്ന് ടാറ്റ സൺസ് ചെയർമാൻ എൻ ചന്ദ്രശേഖരൻ പറഞ്ഞു. ടാറ്റ ഗ്രൂപ്പിൻറെ വ്യാപ്തി, വിശ്വസനീയമായ ബന്ധങ്ങൾ, രാഷ്ട്രനിർമ്മാണത്തിനുള്ള പ്രതിബദ്ധത എന്നിവയുമായി ആന്ത്രോപിക്കിന്റെ കഴിവുകൾ സംയോജിപ്പിക്കുന്നതിലൂടെ, ഞങ്ങൾ എന്റർപ്രൈസ് നവീകരണം ത്വരിതപ്പെടുത്തുകയും എഐ യുഗത്തിൽ മുന്നിൽ നിൽക്കാനുള്ള കഴിവുകൾ ഉപയോഗിച്ച് ഇന്ത്യയിലെ യുവാക്കളെ സജ്ജരാക്കുകയും ചെയ്യുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## എയു സ്മോൾ ഫിനാൻസ് ബാങ്ക് നിക്ഷേപ പലിശ നിരക്കുകൾ വർദ്ധിപ്പിച്ചു; മുതിർന്ന പൗരന്മാർക്ക് 7.90 ശതമാനം വരെ പലിശ

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്മോൾ ഫിനാൻസ് ബാങ്കായ എയു സ്മോൾ ഫിനാൻസ് ബാങ്ക് വിവിധ നിക്ഷേപ പദ്ധതികളുടെ പലിശ നിരക്കുകൾ വർദ്ധിപ്പിച്ചു. ഫിക്സഡ് ഡെപ്പോസിറ്റ്, റെക്കറിംഗ് ഡെപ്പോസിറ്റ്, പ്രവാസികൾക്കാർക്കുള്ള ഫോറിൻ കറൻസി നോൺറെസിഡൻറ് നിക്ഷേപങ്ങൾ (എഫ്സിഎൻആർ (ബി)) എന്നിവയുടെ പലിശ നിരക്കുകളാണ് ബാങ്ക് പുതുക്കിയിരിക്കുന്നത്.

പുതിയ നിരക്കുകൾ 2026 ജൂൺ 10 മുതൽ പ്രാബല്യത്തിൽ വന്നു. രാജ്യത്തെങ്ങുമുള്ള എയു സ്മോൾ ഫിനാൻസ് ബാങ്ക് ശാഖകളിൽ പുതിയതും നിലവിലുള്ളതുമായ ഉപഭോക്താക്കൾക്ക് ഈ പുതിയ നിരക്കുകൾ ലഭിക്കും.

പുതുക്കിയ നിരക്കുകൾ പ്രകാരം സാധാരണ നിക്ഷേപകർക്ക് എഫ്ഡി, ആർഡി എന്നിവയ്ക്ക് 7.40 ശതമാനം വരെയും, മുതിർന്ന പൗരന്മാർക്ക് 7.90 ശതമാനം വരെയുമാണ് പരമാവധി പലിശ ലഭിക്കുക. നേരത്തെ ഇത് യഥാക്രമം 7.25 ശതമാനം, 7.75 ശതമാനം എന്നിങ്ങനെയായിരുന്നു. എഫ്സിഎൻആർ നിക്ഷേപങ്ങളുടെ പരമാവധി പലിശ നിരക്ക് 5.15 ശതമാനത്തിൽ നിന്നും 7.10 ശതമാനമായി ഉയർത്തി. എഫ്സിഎൻആർ നിക്ഷേപങ്ങളുടെ പലിശ അർദ്ധവാർഷിക അടിസ്ഥാനത്തിലാണ് നൽകുന്നത്.

സുരക്ഷിതവും ഉയർന്ന ആദായം നൽകുന്നതുമായ നിക്ഷേപങ്ങൾ ആഗ്രഹിക്കുന്ന ഇന്ത്യക്കാർക്കും, വിദേശത്ത് നിന്ന് പണം നിക്ഷേപിക്കാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്കും ഈ നിരക്ക് വർദ്ധനവ് വലിയ ആശ്വാസമാകുമെന്ന് ബാങ്ക് വിലയിരുത്തുന്നു.

എയു 0101 ആപ്പ്, വാട്സാപ്പ് ബാങ്കിംഗ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന വീഡിയോ ബാങ്കിംഗ് എന്നീ ഡിജിറ്റൽ സംവിധാനങ്ങളിലൂടെയും പുതിയ ഉപഭോക്താക്കൾക്ക് ഈ സേവനം പ്രയോജനപ്പെടുത്താം.

## പ്രവാസി ഇന്ത്യക്കാർക്കായി ഉയർന്ന പലിശ നിരക്കുള്ള പ്രത്യേക എഫ്.സി.എൻ.ആർ (ബി) നിക്ഷേപ പദ്ധതിയുമായി ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** വിദേശനാണ്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാനായി റിസർവ് ബാങ്ക് പ്രഖ്യാപിച്ച നടപടികളുടെ ഭാഗമായി പ്രവാസി ഇന്ത്യക്കാർക്ക് ഉയർന്ന പലിശ നിരക്കുകൾ വാഗ്ദാനം ചെയ്യുന്ന പുതിയ എഫ്.സി.എൻ.ആർ (ബി) നിക്ഷേപ പദ്ധതി അവതരിപ്പിച്ച് ബാങ്ക് ഓഫ് ബറോഡ.

യു.എസ് ഡോളർ, ബ്രിട്ടീഷ് പൗണ്ട് സ്റ്റെർലിംഗ്, യൂറോ, ഓസ്ട്രേലിയൻ ഡോളർ, കനേഡിയൻ ഡോളർ തുടങ്ങിയ പ്രധാന വിദേശ കറൻസികളിൽ മൂന്ന് മുതൽ അഞ്ച് വർഷം വരെയുള്ള നിക്ഷേപങ്ങൾക്കാണ് പുതിയ എഫ്.സി.എൻ.ആർ (ബി) പദ്ധതി പ്രകാരം ഉയർന്ന പലിശ നൽകുന്നത്. ഇതോടെ യു.എസ് ഡോളർ നിക്ഷേപങ്ങൾക്ക് 6% വരെയും പൗണ്ട്, ഓസ്ട്രേലിയൻ ഡോളർ നിക്ഷേപങ്ങൾക്ക് 4.75% വരെയും കനേഡിയൻ ഡോളറിന് 5.15% വരെയും യൂറോ നിക്ഷേപങ്ങൾക്ക് 3.75% വരെയും പലിശ നേടാം.വിദേശ നാണ്യ ശേഖരം വർദ്ധിപ്പിക്കാനും രാജ്യത്തിന്റെ മൊത്തത്തിലുള്ള മാക്രോ ഇക്കണോമിക് സ്ഥിരത ഉറപ്പാക്കാനും ആർ.ബി.ഐയുടെ ഈ നടപടികൾ സഹായിക്കുമെന്നാണ് വിലയിരുത്തുന്നത്.

## പ്രു സിഗ്നേച്ചർ സെക്യൂർ അവതരിപ്പിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ

**കൊച്ചി:** പ്രമുഖ ലൈഫ് ഇൻഷുറൻസ് കമ്പനിയായ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് രാജ്യത്തെ ഇൻഷുറൻസ് മേഖലയിൽ ആദ്യമായി ഇൻബിൽറ്റ് ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യത്തോടെയുള്ള യുലിപ് പദ്ധതിയായ ഐസിഐസിഐ പ്രു സിഗ്നേച്ചർ സെക്യൂർ പുറത്തിറക്കി. ഒറ്റത്തവണ പ്രീമിയം അടച്ച് ചേരാവുന്ന ഈ പദ്ധതി നിശ്ചിത മെച്യൂരിറ്റി ആനുകൂല്യം, ലൈഫ് കവർ, നികുതി ലാഭത്തോടെയുള്ള സമ്പത്ത് വളർച്ച എന്നിവ ഒരുമിച്ച് ലഭ്യമാക്കുന്നു.

അഞ്ച് വർഷത്തെ പോളിസി കാലാവധിയുള്ള ഈ നോൺ പാർട്ടിസിപ്പേറ്റിംഗ് ലിങ്ക്ഡ് വ്യക്തിഗത സേവിംഗ്സ് ഇൻഷുറൻസ് പ്ലാൻ സുരക്ഷിതവും നികുതി രഹിതവുമായ വരുമാനം ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്കായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.പോളിസി കാലാവധി പൂർത്തിയാകുമ്പോൾ ഫണ്ട് മൂല്യമോ അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച ഗ്യാരണ്ടീഡ് മെച്യൂരിറ്റി ആനുകൂല്യമോ ഇതിൽ ഏതാണോ ഉയർന്നത് അത് ഉപഭോക്താവിന് ലഭിക്കും.